മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... (ചോദ്യം നമ്പർ *421)

ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം

(*421) ശ്രീ. ആന്റണി ജോൺ
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
ശ്രീ. എച്ച്. സലാം
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി പുതുതായി തൊണ്ണൂറ്റിയാറ് കോടിയിൽപരം രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പഠനം വിലയിരുത്തൽ, പരീക്ഷ എന്നിവയ്ക്ക് ഓപ്പൺ സോഴ്സ് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റമായ മോഡുലാർ ഒബ്ജക്ട് ഓറിയന്റഡ് ഡയനാമിക് ലേണിംഗ് എൻവയോൺമെന്റ് പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നേട്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകി വന്നിരുന്ന ഇ-ജേണൽ നിർത്തലാക്കിയ സാഹചര്യത്തിൽ

ഗവേഷണത്തിന് സഹായകരമാകുന്നതിന് സംസ്ഥാന സർക്കാർ ഇ-ജേണൽ കൺസോർഷ്യം ആരംഭിച്ചിട്ടുണ്ടോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് 21-05-2022 തീയതിയിലെ 747/2022 ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉത്തരവുപ്രകാരം താഴെപ്പറയുന്ന സമഗ്ര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

- ഇ-ജേർണൽ കൺസോർഷ്യം.
- ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്).
- സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC).
- ഡിജികോൾ.
- കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ (കാൽനെറ്റ്) വികസനം.
- ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്.

- കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF).
- അദ്ധ്യാപക പരിശീലന പദ്ധതി.
- ഓൺലൈൻ ഡിജിറ്റൽ ശേഖരം.
- എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം.
- കോളേജുകളുടെ ക്ലസ്റ്റർ പദ്ധതി.
- ഉന്നതവിദ്യാഭ്യാസ സർവ്വേ.

(ബി) കേരളത്തിലെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി ആവിഷ്ക്കരിച്ച് സമർപ്പിച്ച പദ്ധതിയാണ് 'ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻസ് ഇൻ കേരള' (Digital Enablement of Higher Education Institutions in Kerala). 'Let's go digital' എന്നാണ് പദ്ധതി നാമകരണം ചെയ്തിരിക്കുന്നത്. കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം, പഠനം, വിലയിരുത്തൽ, പരീക്ഷ

ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

അതിവേഗം പ്രാവർത്തികമാക്കാൻ കഴിയുന്നതും എന്നാൽ ചിലവുകുറഞ്ഞതുമായൊരു കേന്ദ്രീകൃത മാതൃകയാണിത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും, കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഓപ്പൺ സോഴ്സ് ലേണിംഗ് സിസ്റ്റമായിട്ടുള്ള മോഡുലാർ ഒബ്ജക്ട് ഓറിയന്റഡ് ഡയനാമിക് ലേണിംഗ് എൻവയോൺമെന്റാണിത്.

ഇതിനാവശ്യമായ സാങ്കേതിക സഹായവും സെർവർ സൗകര്യവും ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഉന്നതവിദ്യാഭ്യാസ കൗൺസിലിന് നൽകുന്നു. ഇതുപയോഗിച്ച് ഓരോ കോളേജിനും യൂണിവേഴ്സിറ്റിക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ Moodle LMS സംവിധാനം ഒരുക്കാവുന്നതാണ്. അദ്ധ്യാപകർക്ക് ആവശ്യാനുസരണം പ്രയോജനപ്പെടുത്താവുന്ന രീതിയിലാണിത് ആവിഷ്ക്കരിച്ചിട്ടുള്ളത്.

(സി) സംസ്ഥാന സർക്കാർ ഇ-ജേർണൽ കൺസോർഷ്യം ആരംഭിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിന് അനുമതി നൽകിയിട്ടുണ്ട്. സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ പദ്ധതിയായ INFLIBNET നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ കൺസോർഷ്യം പ്രവർത്തനക്ഷമമായിട്ടുണ്ട്. പ്രമുഖ പ്രസാധകരുമായിട്ടുള്ള കരാർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി നിലവിൽ വരികയും ചെയ്തു.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, നമ്മുടെ കുട്ടികൾക്ക് കൊടുക്കാൻ

കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ടകാര്യം മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുകയെന്നതാണ്. വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കുന്ന ഓരോ രൂപയും ഭാവിയിലേയ്ക്കുള്ള നിക്ഷേപമാണെന്ന കാഴ്ചപ്പാടിൽതന്നെയാണ് ഒന്നാം പിണറായി സർക്കാരും രണ്ടാമത് അധികാരത്തിലെത്തിയ സർക്കാരും ഇടപെട്ടുകൊണ്ടിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖല മാറ്റത്തിന്റെ പാതയിലാണ്. കേരള സർവ്വകലാശാലയ്ക്ക് ലഭിച്ച ദേശീയ അംഗീകാരം കേരളത്തിന്റ ഉന്നതവിദ്യാഭ്യാസ മേഖലയെ ലോക നിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കുന്ന പദ്ധതികൾക്ക് കരുത്തുപകരുന്നതാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ രൂപീകൃതമായ അസെസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ ഏതെല്ലാം തരത്തിൽ സഹായകരമാകുമെന്ന് വിശദീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിനുകീഴിൽ അസെസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ കോളേജുകളെ, NAAC -ന്റെ മാതൃകയിൽ ചില മാനദണ്ഡങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് വിലയിരുത്തുകയെന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളുമൊക്കെ State Assessment and Accreditation Centre (SAAC) -ന്റെ അവലോകന പരിധിയിൽ വരുന്നുണ്ട്. National Assessment and Accreditation Council (NAAC) വിഭാവനം ചെയ്തിട്ടുള്ള 5 കോർ വാല്യൂസിനുപുറമേ, social inclusiveness - സാമൂഹികമായ ഉൾച്ചേരൽ, equity and excellence - തുല്യതയും മികവും, scientific temper - ശാസ്ത്രബോധം, secular outlook - മതനിരപേക്ഷ കാഴ്ചപ്പാട് എന്നീ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങൾ കൂടി SAAC -ൽ സ്വീകരിച്ചിട്ടുണ്ട്. മാവേലിക്കര ബിഷപ്മൂർ കോളേജ്, ഫറൂഖ് ട്രെയിനിംഗ് കോളേജ് എന്നീ കോളേജുകൾക്ക് SAAC 'A' Grade ലഭ്യമായിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളെ SAAC അക്രഡിറ്റേഷന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലൊരു സംവിധാനത്തിന്റെ ഭാഗമായി NAAC റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിനും ദേശീയവും അന്തർദേശീയവുമായിട്ടുള്ള റിങ്കിംഗിൽ

മുന്നോട്ടുവരുന്നതിനും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നല്കാൻ കഴിയുകയും പ്രസ്തുത മാനദണ്ഡങ്ങളെ സംബന്ധിച്ച കാഴ്ചപ്പാടുകൾ പ്രായോഗിക തലത്തിൽ ആവിഷ്കരിക്കാൻ സഹായിക്കുകയും ചെയ്യാനാകുമെന്നതാണ് പ്രത്യേകത.

ശ്രീ. ആന്റണി ജോൺ: സർ, സർവ്വകലാശാലകൾക്കുള്ളിൽ സ്വയംഭരണാധികാരമുള്ള ഇന്റർയൂണിവേഴ്സിറ്റികളും സ്കൂളുകളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തിയുടെ പുരോഗതി അറിയിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, 6 സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്ത് അവയുടെ പ്രാരംഭ പ്രവർത്തനങ്ങളിലേയ്ക്ക് പോകുകയാണ്. തുടർന്ന് മുപ്പതോളം ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി, ഇന്റർ ഡിസിപ്ലിനറി സെന്ററുകൾ സ്ഥാപിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. സർവ്വകലാശാലകളും ഇതര സ്ഥാപനങ്ങളും ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. വിദഗ്ദരും പണ്ഡിതരും ബുദ്ധിജീവികളും ഉൾപ്പെടുന്ന ദേശീയ അടിസ്ഥാനത്തിലുള്ള സമിതിയാണ് പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ 6 സ്ഥാപനങ്ങൾക്കാണ്

സമിതിയുടെ അനുമതി ലഭ്യമായിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിലേയ്ക്ക് കടന്നിരിക്കുന്നു.

മി.സ്പീക്കർ: ശ്രീ. കടകംപള്ളി സുരേന്ദ്രൻ..... (Not in the seat)

ശ്രീ. എച്ച്. സലാം: സർ, കേരളത്തിന്റെ അനിവാര്യതയായി തീർന്നിരിക്കുന്ന വൈജ്ഞാനിക സമൂഹത്തിലേയ്ക്കുള്ള മാറ്റത്തിന് കാലഘട്ടത്തിനനുസരിച്ചുള്ള പുനഃസംഘടന പ്രധാനമാണ്. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ലഭ്യമാക്കുന്ന തരത്തിൽ ഓൺലൈൻ ലൈബ്രറി സൗകര്യമൊരുക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, സർവ്വകലാശാലകളിലും കോളേജുകളിലുമുള്ള ലൈബ്രറികളിലെ ഡിജിറ്റൽ ശേഖരങ്ങൾ സമാഹരിച്ചുകൊണ്ട് അവിടെ ലഭ്യമായ റിസോഴ്സസ് പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് കാൽനെറ്റ് എന്ന ഡിജിറ്റൈസ് ലൈബ്രറി സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരണഘട്ടത്തിൽ എത്തിയിരിക്കുന്നു. സർവ്വകലാശാലകളാണ് ആദ്യഘട്ടത്തിൽ ഇതിലുൾപ്പെടുന്നത്. എല്ലാ കാറ്റലോഗുകളും ഡിജിറ്റൈസ് ചെയ്ത് ലഭ്യമാക്കും. കോളേജുകളുടെ ഡിജിറ്റൽ റിസോഴ്സസ് കൂടി ഇതിലേയ്ക്ക് ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്ന്

സ്വീകരിക്കും.

ശ്രീ. കെ. പ്രേംകുമാർ: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് ഏറ്റവും മികച്ച നിലയിലുള്ള മുന്നേറ്റങ്ങൾക്ക് കേരളം തയ്യാറെടുക്കുകയാണല്ലോ.. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പദ്ധതിയിൽ കൂടുതൽ ഗവേഷകരെ ഉൾപ്പെടുത്തുമോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിൽ ആദ്യ ഘട്ടമെന്ന രീതിയിൽ 77 യുവ ഗവേഷകരെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ 5 വർഷംകൊണ്ട് വിതരണം ചെയ്യുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിന്റെ അടിസ്ഥാന മേഖലകളായ കൃഷി, വ്യവസായം, ആരോഗ്യം തുടങ്ങിയ മേഖലകളിലും റബ്ബർ ടെക്നോളജി, നാനോ സയൻസ്, ജിനോമിക്സ് തുടങ്ങിയ നവ വൈജ്ഞാനിക മേഖലകളിലും ആഴത്തിൽ ഗവേഷണം നടത്തി കേരളത്തിന്റെ സമ്പദ്ഘടനയുടെ വിപുലീകരണത്തിനും കേരളീയരുടെ ജീവിത സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിനും സഹായകരമായ വിധത്തിലുള്ള ഗവേഷണങ്ങൾ ആഴത്തിൽ നടത്തുന്നതിനാണ് നവകേരള പോസ്റ്റ്

ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കുന്നത്. സബ്മിറ്റ് ചെയ്യപ്പെട്ട പ്രൊപ്പോസലുകളിൽ വിദഗ്ദ്ധ സമിതി പരിശോധിച്ച് തെരെഞ്ഞെടുക്കപ്പെട്ടവയാണ് 77 ഗവേഷകരുടെ പ്രൊപ്പോസലുകൾ. അതിനാവശ്യമായ എല്ലാ രേഖകളും ബഹുമാന്യനായ മുഖ്യമന്ത്രി കൈമാറിയ വിപുലമായൊരു പരിപാടി സംഘടിപ്പിക്കപ്പെട്ടിരുന്നു. ഒട്ടുമിക്ക ഗവേഷകരും പ്രസ്തുത ഗവേഷക പ്രവർത്തനങ്ങളിലേയ്ക്ക് എത്തിച്ചേർന്നിരിക്കുകയാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പരീക്ഷകൾ കൃത്യസമയത്ത് നടത്തുകയെന്നതാണ് സർവ്വകലാശാലകളുടെ പ്രധാന ഉത്തരവാദിത്വം. എന്നാൽ കണ്ണൂർ സർവ്വകലാശാല ഇക്കാര്യത്തിൽ കുപ്രസിദ്ധി നേടിയിരിക്കുകയാണ്. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ എല്ലാവർഷവും ആവർത്തിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ചോദ്യപേപ്പർ മുൻവർഷത്തെ ചോദ്യപേപ്പറിന്റെ റീ-പ്രൊഡക്ഷനാണ്; അതേ ചോദ്യപേപ്പർതന്നെ വീണ്ടും കൊടുക്കുകയാണ്. ഇത് ഒരു വർഷത്തിൽ മാത്രമല്ല, പല വർഷങ്ങളിലും ഇങ്ങനെയുണ്ടാകാറുണ്ട്. അത്തരം ആളുകൾക്കെതിരെ നടപടിയുണ്ടോ; വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ഈ വിഷയത്തിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും

പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ ചോദ്യപേപ്പർ വിതരണം ആവർത്തിക്കുന്നില്ലെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുമോ?

ഡോ. ആർ. ബിന്ദു: സർ, ഇത് കഴിഞ്ഞ സമ്മേളനത്തിലും ഉന്നയിച്ച ഒരു കാര്യം തന്നെയാണ്. കണ്ണൂർ സർവ്വകലാശാലയിൽ ഇത്തരത്തിലുള്ള ആവർത്തനം രണ്ട് പരീക്ഷകളിലാണ് സംഭവിച്ചത്. ഇതുസംബന്ധിച്ച് അതത് വിഷയങ്ങൾ പരിശോധിച്ച് നടപടിയെടുക്കുന്നതിന് സിൻഡിക്കേറ്റിന്റെ സബ് കമ്മിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ മാതൃകാപരമായ നടപടി സ്വീകരിക്കുകയാണ്. അതിലുള്ള ഒരു പ്രശ്നം, ഇതര സർവ്വകലാശാലകളിലെ അദ്ധ്യാപകരാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത് എന്നതാണ്. മാത്രമല്ല, ഈ ചോദ്യപേപ്പറിന്റെ വിശദാംശങ്ങൾ കൃത്യമായി അറിയാനും പരിശോധിക്കാനുമുള്ള ഒരു സംവിധാനം പരീക്ഷാ കൺട്രോളർക്കോ ആർക്കുംതന്നെയില്ല. അത് രഹസ്യസ്വഭാവം സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവാദത്തോടെ കൈകാര്യം ചെയ്യപ്പെടുന്നുവെന്നുള്ളതുകൊണ്ടുതന്നെ ഈ അദ്ധ്യാപകർ സമർപ്പിക്കുന്ന ചോദ്യപേപ്പർ പരിശോധിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. ചോദ്യപേപ്പർ പൊട്ടിക്കുന്ന സന്ദർഭത്തിലാണ് പലപ്പോഴും

അറിയാൻ കഴിയുന്നത് എന്നുള്ള ഒരു ന്യൂനത നിലനിൽക്കുന്നുണ്ട്. വരുംകാലങ്ങളിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാന കേന്ദ്രം നിർമ്മിക്കുന്നതിനും അതിന്റെ വിപുലീകരണത്തിനും ആവശ്യമായ പദ്ധതി സംസ്ഥാന ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എത്രത്തോളമായി ?

ഡോ. ആർ. ബിന്ദു: സർ, ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായിട്ടുള്ള പണം അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. അതിന്റെ നടപടികൾ പുരോഗമിച്ചുവരികയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഉന്നതവിദ്യാഭ്യാസരംഗത്തെ ആഗോളതലത്തിലേയ്ക്ക് ഉയർത്താനുള്ള നടപടികളുമായി അങ്ങും ഈ ഗവൺമെന്റും പോകുന്നുവെന്നത് സന്തോഷകരമാണ്. അതേസമയം, ഈ കഴിഞ്ഞ മാസം ഇൻഡ്യ ടുഡേ, ഇൻഡ്യയിലെ ഏറ്റവും നല്ല കോളേജ് ഏതാണെന്ന് തെരഞ്ഞെടുക്കുന്നതിനുള്ള

ഒരു സർവ്വേ നടത്തിയിരുന്നു. എല്ലാ സർവ്വേകളും ശരിയാകണമെന്നില്ല But some are useful എന്ന തരത്തിൽ, സോഷ്യൽ സയൻസ് സെക്ടറിൽ രാജഗിരി കോളേജ് മാത്രമാണ് രണ്ടാം റാങ്കിൽ വന്നത്. ആയിരത്തോളം സ്ഥാപനങ്ങളുള്ള നമ്മുടെ സംസ്ഥാനത്ത് നിന്ന് ഒരു സ്ഥാപനവും അതിൽ വന്നില്ല. ഇപ്പോൾ കേരള യൂണിവേഴ്സിറ്റിക്ക് എ പ്ലസ് കിട്ടി എന്നൊക്കെ പറയുന്നു, ഇന്നലെ കേരള യൂണിവേഴ്സിറ്റിയിലെ നിയമനവുമായി ബന്ധപ്പെട്ട് C&AG-യുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. നമുക്ക് കരാർ അടിസ്ഥാനത്തിൽ പത്തുശതമാനം ആളുകളെ മാത്രമേ നിയമിക്കാൻ പാടുള്ളൂ. എന്നാൽ 23 ശതമാനം ആളുകളെ ആ കരാറടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ മേഖല നന്നാവണമെങ്കിൽ നല്ല വിദ്യാർത്ഥികൾ വരണം, നല്ല അദ്ധ്യാപകരെ തെരെഞ്ഞെടുക്കണം, കരിക്കുലത്തിൽ ഒരു ഫ്ലക്സിബിലിറ്റിയുണ്ടാകണം, ക്ലാസ്സ് റൂം അതുപോലെതന്നെ അദ്ധ്യാപകരിലും പരമാവധി വൈവിധ്യമുണ്ടാകണം. ഈയൊരു തലത്തിലേയ്ക്ക് നമ്മുടെ യൂണിവേഴ്സ്റ്റികളെയും സ്ഥാപനങ്ങളെയും കൊണ്ടുവരാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലും ഉന്നതവിദ്യാഭ്യാസ വകുപ്പും ആവശ്യമായ നയനിലപാടുകൾ സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും സാധിക്കും. ഇൻഡ്യാ ടുഡേ-യുടെ സർവ്വേയെ കുറിച്ച് ആദ്യം സൂചിപ്പിക്കാം. അതൊരു അംഗീകൃത സർവ്വേയായി നമുക്ക് കണക്കാക്കാൻ കഴിയില്ല. ദേശീയാടിസ്ഥാനത്തിൽ, എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ കേരളത്തിലെ നാല് സർവ്വകലാശാലകൾ ആദ്യത്തെ 100-ൽപ്പെടുന്നുണ്ട്. അതുപോലെത്തന്നെ ആദ്യത്തെ 100 കോളേജുകളിൽ നമ്മുടെ സംസ്ഥാനത്തുനിന്ന് 17 കോളേജുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇൻഡ്യാ ടുഡേ-യുടെ സർവ്വേ മാനദണ്ഡങ്ങൾ അർബൻ കണ്ടീഷൻസിന്റെ അടിസ്ഥാനത്തിലും കൂടിയുള്ളതാണ്. നാഗരിക മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളെയാണ് പ്രധാനമായും അവർ വിലയിരുത്തുന്നത്. സ്വാഭാവികമായും ഒരു പ്രൈവറ്റ് ഏജൻസി അഥവാ ഒരു പ്രത്യേക മാധ്യമം എന്നുള്ള രീതിയിൽ തീർച്ചയായും അവരുടേതായിട്ടുള്ള മുൻവിധികൾ ആ സർവ്വേയിലുണ്ടായിരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിനെ ഒരു മാനദണ്ഡമായിട്ടോ അല്ലെങ്കിൽ സമിതിയുടെ ആഭിമുഖ്യത്തിലുള്ള ഒരു അംഗീകൃത വിലയിരുത്തലായിട്ടോ നമുക്ക് കണക്കാക്കാൻ കഴിയില്ല. ധാരാളം ആത്മനിഷ്ഠ ഘടകങ്ങൾ തീർച്ചയായും അതിലുണ്ടായിട്ടുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല.

രണ്ടാമത്തെ കാര്യം, സർവ്വകലാശാലകളുടെയും കോളേജുകളുടെയും നിലവാരം ഉയർത്തുന്നതിനുവേണ്ടി വലിയ രീതിയിലുള്ള പ്രവർത്തനങ്ങൾക്കാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നത്. കരിക്കുലം റിവിഷനുമായി ബന്ധപ്പെട്ട് ഇപ്പോൾ നിയോഗിച്ചിട്ടുള്ള മൂന്ന് ഉന്നതവിദ്യാഭ്യാസ കമ്മീഷനുകളുടെയും റിപ്പോർട്ടുകൾ ലഭ്യമാകുന്ന സാഹചര്യത്തിൽ ഉടൻതന്നെ സമഗ്രവും സമൂലവുമായിട്ടുള്ള പരിവർത്തനം ഉന്നതവിദ്യാഭ്യാസരംഗത്ത് സാദ്ധ്യമാകുന്നവിധത്തിലുള്ള പരിഷ്കാരങ്ങൾ നമുക്ക് നടപ്പാക്കാൻ കഴിയും. കരിക്കുലത്തിന്റെ ഫ്ലക്സിബിലിറ്റിയുടെ കാര്യത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ നമുക്കുണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് ഞങ്ങളോടൊപ്പം നിൽക്കണമെന്നാണ് പ്രതിപക്ഷത്തോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഉന്നതവിദ്യാഭ്യാസരംഗത്ത് തൊണ്ണൂറ്റിയൊന്ന് കാലഘട്ടത്തിലാണ് യു.ജി.സി.-യുടെ പാക്കേജ് നടപ്പാക്കിയത്. സമൂലമായ ഉന്നമനമായിരുന്നു അതിന്റെ ലക്ഷ്യം. നമ്മൾ 30 വർഷം മുന്നോട്ട് കണക്കാക്കുമ്പോൾ യു.ജി.സി.-യുടെ

ഇംപ്ലിമെന്റേഷൻകൊണ്ട് അദ്ധ്യാപകരുടെ സേവന-വേതന മേഖലകളിലൊക്കെ ഒരുപാട് മാറ്റങ്ങളുണ്ടായി. പക്ഷെ, അടിസ്ഥാനപരമായി അക്കാദമിക് നിലവാരങ്ങളിൽ കാര്യമായ പുരോഗതിയുണ്ടായില്ല എന്നുള്ള വിലയിരുത്തലുകൾ കൊണ്ടാണല്ലോ ഇത്തരമൊരു സംവിധാനത്തെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടി വന്നത്. എന്റെ ചോദ്യം, ഇപ്പോൾ നടപ്പാക്കാൻപോകുന്ന ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലുള്ള അദ്ധ്യാപക പരിശീലനം....., കാരണം ഇതെല്ലാം നടപ്പാക്കുമ്പോൾ അദ്ധ്യാപകർക്ക് കൃത്യമായ പരിശീലനം ലഭിക്കും. ഓറിയന്റേഷൻ, റിഫ്രഷർ കോഴ്സുകൾ ഉൾപ്പെടെയുള്ളവ നടപ്പാക്കുന്നുണ്ടെങ്കിലും ഇത് നടപ്പാക്കുന്ന സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങളെക്കൂടി ശാക്തീകരിക്കുകയും അദ്ധ്യാപക പരിശീലനം നിരന്തരമായ ഒരു പ്രക്രീയയാക്കി മാറ്റുകയും ചെയ്തെങ്കിൽ മാത്രമേ അടിസ്ഥാനപരമായി അക്കാദമിക് നിലവാരം വർദ്ധിപ്പിക്കാൻ സഹായകരമാകുകയുള്ളൂ. ആ കാര്യത്തിൽ ഗവൺമെന്റ് എടുക്കാൻപോകുന്ന നിലപാടുകൾ എന്താണെന്നുള്ളതാണ് എന്റെ ചോദ്യം?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും അദ്ധ്യാപനത്തിന്റെയും

ബോധനത്തിന്റെയുമൊക്കെ കാര്യത്തിൽ കാലാനുസൃതമായിട്ടുള്ള പരിവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഇതിനകം 2500-ഓളം അദ്ധ്യാപകർക്ക് ഈയൊരു വർഷക്കാലത്തിനുള്ളിൽ മികച്ച പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്. തുടർച്ചയായിട്ടുള്ള ഒരു പ്രോസസ്സായി അതിനെ കൊണ്ടുപോകാൻ തന്നെയാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽത്തന്നെ ഒരു അദ്ധ്യാപക പരിശീലന പദ്ധതി ലക്ഷ്യം വയ്ക്കുന്നുണ്ട്. ഈ ചോദ്യത്തിന്റെ മറുപടിയിൽ ആ പദ്ധതി ഉൾപ്പെടുന്നുണ്ട്. അദ്ധ്യാപനത്തിലേയ്ക്ക് ആദ്യമായി കടന്നുവരുന്ന ഒരാൾക്ക് 'ഇൻഡക്ഷൻ കോഴ്സ്' എന്നനിലയിലും നിലവിൽ അദ്ധ്യാപനത്തിൽ തുടർന്നുവരുന്നവർക്ക് 'റിഫ്രഷർ കോഴ്സുകൾ' എന്നുള്ള നിലയിലും ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിക്കാൻ അവരെ വൈദഗ്ദ്ധ്യം നൽകി പ്രാപ്തരാക്കുന്നതുവരെയുള്ള കാര്യങ്ങൾ പരിശീലിപ്പിക്കുന്നവിധത്തിൽ വിശദമായ പരിശീലന പദ്ധതികൾ, അതിനാവശ്യമായ സ്ഥിരം സംവിധാനം എന്നതാണ് ആ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ,

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം പുതിയതായി വരുന്ന ദേശീയ വിദ്യാഭ്യാസ നയവുമായി കൂട്ടിച്ചേർത്ത് വായിക്കേണ്ടിവരും. കാരണം, അടിസ്ഥാനപരമായ ഒരുപാട് മാറ്റങ്ങളാണ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായിട്ടുണ്ടാകുന്നത്. ഇത് മൂന്നുതരത്തിലുള്ള സർവ്വകലാശാലകൾ വഴി ചെയ്യാം. അതനുസരിച്ച് വേണം നമുക്കിത് രൂപപ്പെടുത്തിയെടുക്കാൻ. നമ്മുടെ സംസ്ഥാനത്തെ 90 ശതമാനം സർക്കാർ കോളേജുകളിലും ഇപ്പോൾ സ്ഥിരം പ്രിൻസിപ്പൽമാർ ഇല്ല. ഇത് വളരെ വിചിത്രമായ സാഹചര്യമാണ്. കഴിഞ്ഞ നാലുവർഷക്കാലമായി ഒഴിവുകളൊന്നും നികത്തപ്പെട്ടിട്ടില്ല. അത് എത്രയും പെട്ടെന്ന് പരിഹരിച്ച് അവിടെ സ്ഥിരം പ്രിൻസിപ്പൽമാരെ നിയമിക്കണം. സ്ഥിരം പ്രിൻസിപ്പൽമാർ ഇല്ലെങ്കിൽ വിദ്യാഭ്യാസമേഖലയുടെ അക്കാദമിക് കാര്യങ്ങളെ ഇത് ഗൗരവമായി ബാധിക്കും. അത് പരിഹരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ പ്രിൻസിപ്പൽമാരുടെ നിയമനം എപ്രകാരമാണ് നടപ്പിലാക്കേണ്ടത് എന്നതിനെ സംബന്ധിച്ച്

വ്യക്തതവരുത്തി വി.സി.യുടെ നേതൃത്വത്തിൽ അപേക്ഷ ക്ഷണിച്ച് പ്രിൻസിപ്പൽ നിയമനത്തിന് യോഗ്യരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ പരിശോധിച്ചുവരുന്നു. അതിനുശേഷം സ്ഥിരം പ്രിൻസിപ്പൽമാരെ എത്രയും പെട്ടെന്ന് നിയമിക്കും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: കേരളത്തിലെ സർവ്വകലാശാല ഏറ്റവും മികച്ച നിലയിലേക്ക് എ പ്ലസ് പ്ലസ് നേടിയ സർവ്വകലാശാലയായി മാറിയിരിക്കുകയാണ്. കേരളത്തെ വൈജ്ഞാനിക സമൂഹമാക്കുന്നതിന് സംസ്ഥാനത്ത് എൻറോൾമെന്റ് റേഷ്യോ വർദ്ധിപ്പിക്കുന്നതിനും ബിരുദ ബിരുദാനന്തര കോഴ്സുകളുടെ സീറ്റുകളുടെ എണ്ണവും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന തുടർ നടപടികളുടെ സ്ഥിതി എന്താണെന്ന് വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, സീറ്റുകളുടെ വർദ്ധനവിന്റെ കാര്യത്തിൽ കഴിഞ്ഞ വർഷം സ്വീകരിച്ച അതേ നടപടിയാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി ആവശ്യാനുസരണം സീറ്റുകൾ ഇപ്പോൾ നിലവിലുള്ള കോഴ്സുകളിൽ കുട്ടികൾക്ക് ലഭ്യമാകും. അതുമാത്രമല്ല പുതുതലമുറ

കോഴ്സുകളടക്കം ആവശ്യമുള്ള കോഴ്സുകൾ ഈ അക്കാദമിക് വർഷത്തിൽ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ്: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ പരീക്ഷ നടത്തുമായി ബന്ധപ്പെട്ടാണ് എനിക്ക് ചോദിക്കാനുള്ളത്. പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകളും പരീക്ഷകൾ കൃത്യസമയത്ത് നടത്താതിരിക്കുകയും റിസൾട്ട് സമയത്ത് പബ്ലിഷ് ചെയ്യാതിരിക്കുകയും ഉത്തരക്കടലാസ് തന്നെ അപ്രത്യക്ഷമാകുകയും ചെയ്യുന്ന സംഭവങ്ങൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിരന്തരമായി നടക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, സർവ്വകലാശാല പരീക്ഷകളുടെ സമഗ്ര പരിഷ്കരണത്തിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചിരുന്നു. ടി കമ്മീഷനിൽ വിവിധ സർവ്വകലാശാലകളിൽനിന്നും പരീക്ഷ മേഖലയിൽ പ്രവർത്തനപരിചയമുള്ള വിദഗ്ധരെയാണ് അംഗങ്ങളായി

നിയമിച്ചിരുന്നത്. അവർ വളരെ മൂർദ്ധമായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിൽ ഡിജിറ്റൽ സൗകര്യങ്ങൾകൂടി ഉപയോഗിച്ചുകൊണ്ട് പരീക്ഷ പരിഷ്കരണത്തിന് ഒരുങ്ങുകയാണ്. ഈ അക്കാദമിക വർഷത്തോടെ ആ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർവ്വകലാശാലകളെ സംബന്ധിച്ചിടത്തോളം കുട്ടികളുടെ എണ്ണക്കൂടുതൽകൊണ്ട് ഏറ്റവും ഭാരിച്ച ചുമതലയായി പരീക്ഷ ചുമതല തുടരുകയാണ്. ആ ഒരു സാഹചര്യത്തിൽ പുതിയ പരിഷ്കരണങ്ങൾ സഹായകരമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ അക്കാദമിക വർഷത്തോടുകൂടി ആധുനിക രീതിയിൽ യാതൊരു പിഴവുമില്ലാതെ പരീക്ഷകൾ നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ജോയി: സർ, National Institutional Ranking Framework (NIRF)-ന്റെ റാങ്കിംഗിൽ കേരള സർവ്വകാലശാലയ്ക്ക് എ പ്ലസ് പ്ലസ് ലഭിച്ചതാണ്. അതുമായി ബന്ധപ്പെട്ട് നമ്മുടെ സർവ്വകലാശാലകൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്?

ഡോ. ആർ. ബിന്ദു: സർ, ഉന്നത ഗ്രേഡും എ പ്ലസ് പ്ലസ് എന്ന പദവിയും സർവ്വകലാശാലയുടെ perception ഉയർത്തുകയും വിദേശങ്ങളിൽനിന്നും ഇതരസംസ്ഥാനങ്ങളിൽ നിന്നുമൊക്കെ കൂടുതൽ കുട്ടികളെ ആകർഷിക്കാൻ സാധിക്കുമെന്നുമാത്രമല്ല ഏകദേശം 700 കോടി രൂപയോളം വരുന്ന സംവിധാനങ്ങൾക്കുള്ള എല്ലാ സാധ്യതകളും ഇതിന്റെ ഭാഗമായി ലഭ്യമാകുന്നതാണ്. ഗവേഷണ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിലൂടെ വലിയ സാധ്യതകളാണ് സർവ്വകലാശാലയ്ക്ക് ലഭിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയിലും ബത്തേരി നിയോജകമണ്ഡലത്തിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഞാൻ സബ്മിഷനായി ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സുൽത്താൻ ബത്തേരിയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ റിപ്പോർട്ടും ഗവൺമെന്റിലും അങ്ങയുടെ മുൻപിലും സമർപ്പിച്ചിട്ടുണ്ട്.

അവിടത്തെ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പൊതുജനങ്ങളുടെയും പ്രധാനപ്പെട്ട ആവശ്യമാണിത്. ഇക്കാര്യം ഗവൺമെന്റ് പരിഗണിക്കണമെന്ന് സഭയോട് അഭ്യർത്ഥിക്കുന്നതിനോടൊപ്പംതന്നെ അത് എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, സർക്കാരിന്റെ സാമ്പത്തിക നിലയനുസരിച്ച് കൂടുതൽ ഗവൺമെന്റ് കോളേജുകൾ അനുവദിക്കാൻ തീരുമാനമെടുക്കുന്ന മുറയ്ക്ക് ഈയാവശ്യം പരിഗണിക്കുന്നതാണ്. വയനാട് ജില്ല ആദിവാസി മേഖലയായതുകൊണ്ട് നമുക്ക് നല്ല പരിഗണന നൽകാൻ സാധിക്കും.

ശ്രീ. വി. കെ. പ്രശാന്ത്: ബഹുമാനപ്പെട്ട സ്പീക്കർ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ വലിയ നേട്ടം ആർജ്ജിച്ചതുകൊണ്ടാണ് കേരള യൂണിവേഴ്സിറ്റിക്ക് എ പ്ലസ് പ്ലസ് ഗ്രേഡ് ലഭിച്ചത്. അതുപോലെതന്നെ എൻ.ഐ.ആർ.എഫ്.-ന്റെ റാങ്കിംഗിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന് ഉയർന്ന സ്ഥാനവും ലഭിച്ചിരിക്കുകയാണ്. ദേശീയ തലത്തിൽ ഇരുപതാം റാങ്കും

കേരളത്തിൽ ഒന്നാം സ്ഥാനവും ലഭിച്ചിരിക്കുകയാണ്. അത് വലിയൊരു നേട്ടമാണ്. ഒപ്പംതന്നെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽക്കൂടി ഇടപെടാൻ സാധിക്കുമോ; പോളിടെക്നിക്കുകളിൽ പാർട്ട്-ടൈം കോഴ്സുകൾ ആരംഭിക്കാനും പദ്ധതിയുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ഇപ്പോൾ പോളിടെക്നിക്കുകളും അക്രെഡിറ്റേഷൻ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. മൂന്ന് പോളിടെക്നിക്കുകൾക്ക് ദേശീയ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. Industry on campus പദ്ധതിയാരംഭിച്ച് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈയടുത്ത വർഷങ്ങളിലായി നല്ല രീതിയിലുള്ള അടിസ്ഥാന സൗകര്യ വിപുലീകരണം നമ്മുടെ പോളിടെക്നിക്കുകളിൽ ഉണ്ടായിട്ടുണ്ട്. വീണ്ടും മികവിന്റെ കേന്ദ്രങ്ങളായി അവയെ വളർത്താനാണ് ഉദ്ദേശിക്കുന്നത്. ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ എഡ്യൂക്കേഷനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഇപ്പോൾ ആവശ്യമായ കോഴ്സുകൾ വിഭാവനം ചെയ്ത് നടപ്പാക്കി മുന്നേറുകയാണ്.

ശ്രീ നജീബ് കാന്തപുരം: സർ, മലബാറിലെ പ്ലസ് വൺ അഡ്മിഷനെക്കാൾ പരിതാപകരമാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെ

സ്ഥിതി. അവിടെ കടുത്ത വിവേചനമാണ് നിലകൊള്ളുന്നത്. പ്രത്യേകിച്ചും പ്ലസ് ടു പാസ്സായ പത്ത് ശതമാനം കുട്ടികൾക്കുപോലും അഡ്മിഷൻ നേടാൻ സാധിക്കാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. മലബാറിൽ ജനസംഖ്യാനുപാതികമായി യു.ജി./പി.ജി./റിസെർച്ച് സംവിധാനങ്ങളിൽ സീറ്റുകൾ ഏർപ്പെടുത്താൻ പ്രത്യേക പദ്ധതി തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് മലബാർ മേഖലയോട് യാതൊരു വിവേചനവും നിലനിൽക്കുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയും കണ്ണൂർ സർവ്വകലാശാലയുമൊക്കെ ആ കാഴ്ചപ്പാടോടുകൂടിയാണ് രൂപീകൃതമായതെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയാമെന്ന് പ്രതീക്ഷിക്കുകയാണ്. കഴിഞ്ഞ വർഷം നടത്തിയ സീറ്റ് വർദ്ധനവിനെത്തുടർന്ന്, സീറ്റ് വർദ്ധിപ്പിച്ചില്ലെങ്കിൽപോലും എല്ലാ കുട്ടികളെയും ഉൾക്കൊള്ളാനാവശ്യമായ സീറ്റുകൾ മലബാർ മേഖലിയിലുണ്ടായിരുന്നു. വർദ്ധനവിനുശേഷം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന പല കോളേജുകളും മലബാർ മേഖലയിലുണ്ടെന്ന കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ

ഈയവസരം ഉപയോഗിക്കുകയാണ്. യാതൊരു കാരണവശാലും കുട്ടികൾക്ക് വിദ്യാഭ്യാസ സാഹചര്യങ്ങളുടെ ലഭ്യതക്കുറവ് അവിടെ ഉണ്ടാകുന്നതല്ല.

ശ്രീ. കെ. വി. സുമേഷ്: സർ, ഹയർ എഡ്യൂക്കേഷൻ മേഖലയിൽ ആധുനികവൽക്കരണത്തിന് ഗവൺമെന്റ് ശക്തമായ നേതൃത്വം നൽകുകയാണ്. പ്രൊഫഷണൽ ന്യൂ ജനറേഷൻ കോഴ്സുകളുണ്ട്. സൗണ്ട് എഞ്ചിനീയറിംഗ് നിർമ്മാണ മേഖലയിൽ വളരെ അത്യാവശ്യമുള്ളൊരു കാര്യമാണിത്. പക്ഷെ ആ കോഴ്സ് ബാംഗ്ലൂരിൽ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ നാട്ടിലില്ല. ഇത്തരം കോഴ്സുകൾ ആരംഭിക്കാൻ ശ്രമിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശത്തിന് നന്ദി രേഖപ്പെടുത്തുന്നു. ഇതിനാവശ്യമായ നടപടി സ്വീകരിക്കാം.

ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

(*422) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണി വില ഉയർന്ന് നിൽക്കുമ്പോഴും പച്ചക്കറി, പഴം കൃഷിയിൽ ഏർപ്പെടുന്ന കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്ത സാഹചര്യത്തിൽ ഇടനിലക്കാരുടെ അമിത ചൂഷണം ഒഴിവാക്കാൻ ഹോർട്ടികോർപ്പിന്റെ ഇടപെടൽ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മാർക്കറ്റുകൾ കൂടുതൽ വിപുലപ്പെടുത്തി സംഭരണത്തിലെയും വിപണനത്തിലെയും അമിത ചൂഷണം നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പഴം, പച്ചക്കറി കർഷകർ നേരിടുന്ന വിലത്തകർച്ചയ്ക്ക് പരിഹാരമെന്ന നിലയിൽ ശീതീകൃത സംഭരണ ശാലകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1208 മാർക്കറ്റുകളാണ് നിലവിലുള്ളത്. ഈ മാർക്കറ്റുകളുടെ പ്രവർത്തനം അവലോകനം ചെയ്തു ഏറ്റവും നന്നായി പ്രവർത്തിക്കുന്ന മാർക്കറ്റുകളെ ഗ്രേഡ് ചെയ്ത് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ നടന്നുവരികയാണ്. വിപണന മേഖലയിൽ കൂടുതൽ "കൃഷിക്കൂട്ടം"-ങ്ങളെ സജ്ജമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ, പഴം പച്ചക്കറികളുടെ സംഭരണ-വിതരണ രംഗത്ത് ഉൽപ്പാദകരേയും ഉപഭോക്താക്കളേയും സംരക്ഷിക്കുക എന്ന ദൗത്യവുമായി പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളുമുണ്ട്. അവയുടെ കീഴിൽ 126 സ്വന്തം സ്റ്റാളുകളും 188 ലൈസൻസി സ്റ്റാളുകളുമുണ്ട്. ഈ കേന്ദ്രങ്ങൾ മുഖേന ഇടനിലക്കാരെ ഒഴിവാക്കികൊണ്ട് ഹോർട്ടികോർപ്പ്, പഴം പച്ചക്കറി സംഭരണ-വിതരണ രംഗത്ത് കാര്യക്ഷമമായി ഇടപ്പെടുന്നുണ്ട്. പഴവും പച്ചക്കറികളും ഹോർട്ടികോർപ്പുമായി സഹകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളും പൊതുജനങ്ങൾക്ക് മിതമായ വിലയ്ക്ക് ഒരു സ്ഥലത്തുനിന്നുത്തന്നെ ലഭ്യമാക്കുന്നതിനായി എല്ലാ നിയോജകമണ്ഡലത്തിലും ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി 140

ഗ്രാമശ്രീ ഹോർട്ടി ബസാറുകളും എല്ലാ പഞ്ചായത്ത്/കോർപ്പറേഷൻ/മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ 1,232 ഗ്രാമശ്രീ സൂപ്പർസ്റ്റാളുകളും വരും വർഷങ്ങളിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടിയും ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ബ്ലോക്കുതല സംഭരണ ഉപകേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നു. VFPCK യുടെ നേതൃത്വത്തിലുള്ള 289 സ്വാശ്രയകർഷക സമിതികളും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ സജ്ജീവമായി ഇടപെടുന്നുണ്ട്.

(സി) ആർ.ഐ.ഡി.എഫ്, എം.ഐ.ഡി.എച്ച് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് കേരള സ്റ്റേറ്റ് ഭൂവികസന കോർപ്പറേഷൻ മുഖേന 4 ഇന്റഗ്രേറ്റഡ് പാക്ക് ഹൗസുകൾ തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുവാനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. അതോടൊപ്പം ആനുവൽ പ്ലാൻ 2022-23 പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുന്നതിനായി 185 ലക്ഷം രൂപയുടെ അനുമതിയും ഹോർട്ടികോർപ്പിന് നല്കിയിട്ടുണ്ട്. കൂടാതെ കൃഷിവകുപ്പിന്റെ 19 സഞ്ചരിക്കുന്ന

ശിതീകരണ സംഭരണശാലകളും ജില്ലകൾ കേന്ദ്രീകരിച്ച് ഉടൻ പ്രവർത്തനസജ്ജമാകും.

ശ്രീമതി ഒ. എസ്. അംബിക: നിലവിൽ ഹോർട്ടികോർപ്പിന് എത്ര ഷോപ്പുകളും ഫ്രാഞ്ചൈസികളുമുണ്ട്; അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിറ്റുവരവിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയെന്നും വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലുനീളം 126 സ്വന്തം സ്റ്റാളുകളും 188 ഫ്രാഞ്ചൈസികളുമുണ്ട്. ഇതിൽ 12 സ്വന്തം സ്റ്റാളുകൾ മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം വിറ്റു വരവിലുണ്ടായ നഷ്ടം ഏകദേശം അൻപത്തിരണ്ട് ലക്ഷത്തി അൻപതിനായിരത്തോളം രൂപയാണെന്നുകൂടി അറിയിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, സംസ്ഥാനത്തെ തേൻ കർഷകരെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഹോർട്ടികോർപ്പുവഴി നടപ്പിലാക്കുന്നതെന്നും നാഷണൽ ഹണി മിഷനുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്നും

വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, നാഷണൽ ഹണി മിഷനുമായി ബന്ധപ്പെട്ട് നാല് പദ്ധതികൾക്ക് ഇടപെടൽ നടത്തിയിരുന്നു. ആലപ്പുഴ, ഇടുക്കി ജില്ലകളിലേയ്ക്ക് രണ്ട് പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ പഴം പച്ചക്കറി മേഖലയുമായി ബന്ധപ്പെട്ട കർഷകരിൽ നിന്നും ഉൽപ്പന്നങ്ങൾ സമാഹരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇതിന് തൊട്ടുമുൻപുള്ള ചോദ്യത്തിന് മറുപടിയായി പറഞ്ഞതുപോലെ ഹോർട്ടികോർപ്പിന്റെ പ്രവർത്തനത്തിന് പുനഃസംഘടന അനിവാര്യമാണെന്നാണ് സർക്കാർ കാണുന്നത്. അതിനുള്ള നടപടിയിലേക്ക് നീങ്ങിയിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പഴം-പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി-പഴം ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടി നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി ഉൽപ്പാദനത്തിൽ വലിയതോതിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി മാംഗോ സിറ്റി എന്നറിയപ്പെടുന്ന എന്റെ

മണ്ഡലത്തിലെ മുതലമടയിലെ മാങ്ങ ഉൽപ്പാദന രംഗത്താണെങ്കിലും പച്ചക്കറി ഉൽപ്പാദന രംഗത്താണെങ്കിലും വലിയ തോതിലുള്ള വിളനാശമാണ് കഴിഞ്ഞ വർഷമുണ്ടായിട്ടുള്ളത്. ഏകദേശം നാൽപ്പത് മുതൽ എൺപത് ശതമാനം വരെ വിളനാശമുണ്ടായിട്ടുണ്ട്. അത്തരത്തിൽ വിളനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ശ്രീ. പി. പ്രസാദ്</u> : സർ, വിളനാശവുമായി ബന്ധപ്പെട്ട് പ്രകൃതിക്ഷോഭങ്ങളുടെ പട്ടികയിൽപ്പെടുത്തി കർഷകരെ സഹായിക്കാനുള്ള പദ്ധതികളും വിള ഇൻഷ്വറൻസുമായി ബന്ധപ്പെട്ട പദ്ധതികളും നിലവിലുണ്ട്. ഈ പദ്ധതികളിലൂടെ കർഷകരെ സഹായിക്കാനുള്ള പരമാവധി കാര്യങ്ങൾ സർക്കാർ ചെയ്തുവരുന്നുണ്ട്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, കാസർഗോഡ് ജില്ലയിൽ ഹോർട്ടികോർപ് സംഭരണകേന്ദ്രം ഇതുവരെ ആരംഭിച്ചിട്ടില്ല. ഹോൾസെയിൽ മാർക്കറ്റ് തുടങ്ങുമെന്ന് പറഞ്ഞിരുന്നുവെങ്കിലും അതും പ്രാവർത്തികമാക്കിയിട്ടില്ല. കേരളത്തിൽ ഹോർട്ടികോർപ്പിനുകീഴിൽ എത്ര സംഭരണകേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ടെന്നും

കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സ്ഥാപനത്തിലെ ക്രമക്കേടുകളുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രീ. പി. പ്രസാദ് : സർ, സംഭരണ കേന്ദ്രങ്ങളെക്കുറിച്ചും വില്പന കേന്ദ്രങ്ങളെക്കുറിച്ചും ഞാൻ നേരത്തെ പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ ഹോർട്ടികോർപ്പിന്റെ കാര്യത്തിൽ ഗൗരവമായൊരു ഇടപെടൽ നടത്തേണ്ടതുണ്ടെന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനകൾ നടത്തിയിരുന്നു. അതിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പതിനാലുപേർക്കെതിരെ നടപടി സ്വീകരിക്കുകയും ചില കേസുകൾ പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്. മറ്റുചില കേസുകൾ വിജിലൻസിന് കൈമാറുന്ന നിലയിലേയ്ക്കെത്തിയിട്ടുണ്ട്. അക്കാര്യങ്ങളിലെല്ലാം യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത നിലപാടുകൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ നിലവിൽ കാസർഗോഡ് ജില്ലയിൽ സംഭരണകേന്ദ്രം ഇല്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതിനുള്ള പ്രയാസമാണ് ഇപ്പോഴുള്ളത്. നേരത്തെ ഈ സഭയിൽ പറഞ്ഞ കാര്യമാണത്. അവിടെയൊരു സംഭരണ

കേന്ദ്രമാരംഭിക്കുമെന്നത് വെറുമൊരു പ്രഖ്യാപനം മാത്രമല്ല. ഇതിനായി അനുയോജ്യമായൊരു സ്ഥലം നിശ്ചയിക്കുമ്പോൾ പ്രാദേശികമായ മറ്റു പരിഗണനയല്ല, ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും എല്ലായിടങ്ങളിലും എത്തിക്കുന്നതിനും പറ്റുന്നൊരു സ്ഥലമാണ് അനിവാര്യമായി വേണ്ടത്. അത് കണ്ടെത്തുന്നതിനുള്ള പ്രയാസമുണ്ടായിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. വളരെ വേഗത്തിൽതന്നെ കാസർഗോഡ് സംഭരണകേന്ദ്രം ആരംഭിക്കുന്നതായിരിക്കും.

ശ്രീമതി ശാന്തകുമാരി കെ.: സർ, കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മാന്യമായ വില ലഭ്യമാക്കുകയും വിപണി കണ്ടെത്തുകയും ഉപഭോക്താക്കൾക്ക് ന്യായവിലക്ക് പഴം-പച്ചക്കറി തുടങ്ങിയവ ലഭ്യമാക്കി പൊതുവിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റത്തിന്റെ രൂക്ഷതയിൽനിന്ന് പൊതുജനങ്ങളെ കരകയറ്റുന്ന ദൗത്യം വിജയകരമായി നടപ്പിലാക്കുന്ന സംസ്ഥാനമാണ് ഈ കൊച്ചു കേരളം. ആ നിലയിൽ കർഷകർക്ക് ഏറെ ആശ്വാസകരമായ വിളകൾക്ക് താങ്ങുവില ലഭ്യമാക്കുകയെന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഏതെല്ലാം വിളകൾക്കാണ് ഇപ്പോൾ

താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളതെന്നും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും വിശദീകരിക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കേരളത്തിൽ പതിനാറ് ഇനം പഴം-പച്ചക്കറികൾക്കാണ് ഇത്തരത്തിൽ താങ്ങുവില നിശ്ചയിച്ചിട്ടുള്ളത്. പതിനാറിനങ്ങളുടെയും പേര് പ്രത്യേകമായി പറയുന്നില്ല. അതിന്റെ ലിസ്റ്റ് പ്രത്യേകമായി നൽകുന്നതായിരിക്കും. കേരളത്തിലെ കർഷകരെ സഹായിക്കുകയെന്നതാണ് ഇത്തരം കാര്യങ്ങളിലൂടെ സർക്കാർ ആലോചിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ചോദിച്ചപ്പോൾ ഒരു കാര്യം കൂടി സൂചിപ്പിക്കുകയുണ്ടായി. വിപണി വിലയുടെ കാര്യത്തിൽ ഒരു ഇടപെടൽ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കാരണം, വിപണിയിൽ പച്ചക്കറിയുടെ വില ക്രമാതീതമായി ഉയർന്നുവരുന്ന സാഹചര്യത്തിൽ വിപണി ഇടപെടൽ എന്ന പേരിൽ പുറത്തുനിന്നുപോലും പച്ചക്കറിയിനങ്ങൾ ഇറക്കേണ്ടിവരുന്നു. പുറമെനിന്ന് പച്ചക്കറി കൊണ്ടുവന്നിട്ട് കേരളത്തിൽ വിപണനം നടത്തുകയെന്നുള്ളതല്ല ഹോർട്ടികോർപ്പിന്റെയോ കൃഷിവകുപ്പിന്റെയോ പ്രധാനപ്പെട്ട ഉദ്ദേശ്യം. ഇപ്പോഴും അതിനല്ല പ്രാധാന്യം കൊടുക്കുന്നത്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾത്തന്നെ കൂടുതൽ

ഉപയോഗിക്കുകയെന്ന തരത്തിലേക്കാണ് എത്തേണ്ടത്. മലയാളികളുടെ ഭക്ഷണശീലത്തിൽ ഉരുളക്കിഴങ്ങും സവാളയും തക്കാളിയുമെല്ലാം കയറിവന്നപ്പോൾ നാടൻ ഇനങ്ങൾ ഒഴിവാക്കുന്ന തരത്തിലേക്കെത്തി. ഏറ്റവും കൂടുതൽ ഫൈബർ കണ്ടന്റ് ഉണ്ടെന്ന് പറയുന്ന ചേനയും ചേമ്പും അടക്കമുള്ള ഉല്പന്നങ്ങൾ ഒഴിവാക്കപ്പെടുകയും മറ്റു പലതും പുറമെനിന്ന് വരികയും ചെയ്യുന്നു. ഇപ്പോൾ മലയാളിക്ക് ഉരുളക്കിഴങ്ങില്ലെങ്കിൽ വല്ലാത്ത പ്രതിസന്ധിയുണ്ടാകുന്നുവെന്ന തരത്തിലേയ്ക്ക് എത്തുകയാണ്. ഈ സമയത്ത് വിപണി ഇടപെടലാവശ്യമായതിന്റെ പേരിൽ പുറത്തുനിന്നുപോലും ചില പച്ചക്കറികൾ എടുത്തുകൊണ്ടുവരേണ്ട അവസ്ഥ ഉണ്ടാകുന്നത്. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്നത് മാത്രമായി വിപണനം നടത്തുമ്പോൾ ഉപഭോക്താവ് അങ്ങോട്ടേയ്ക്ക് വരാത്ത ഒരവസ്ഥയുണ്ടാകുമെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് കേരളത്തിന് ആവശ്യമായ പച്ചക്കറികൾ ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ചെടുക്കുകയെന്നുതന്നെയാണ് ഗൗരവമായി ചിന്തിക്കുന്നത്. പതിനാറ് ലക്ഷം ടൺ അധികമാക്കി പച്ചക്കറി ഉൽപ്പാദനത്തെ എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾതന്നെ ഉപയോഗിക്കുന്ന തരത്തിലേക്ക്

എത്തുന്നതിനുള്ള സംവിധാനമുണ്ടാകും. അക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുണ്ടാകുമെന്ന് അറിയിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി ആദ്യത്തെ ചോദ്യത്തിന് വിശദമായ മറുപടി പറഞ്ഞില്ല. ഇടനിലക്കാരുടെ ചൂഷണമാണ് കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. വിപണിയിൽ വില കൂടിയാലും കർഷകർക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല. അതുപോലെതന്നെ നിരന്തരമായി ഉയർന്നുവരുന്ന വാർത്തയാണ് വട്ടവടയിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് നൽകേണ്ട വിലയിന്മേൽ കുടിശ്ശികയുണ്ടാവുന്നു. യഥാസമയം ഉല്പന്നങ്ങൾക്ക് വില ലഭിക്കുന്നില്ലയെന്നുള്ള പരാതി വ്യാപകമായി ഉയർന്നുവരികയാണ്. അതോടൊപ്പംതന്നെ ജൈവ പച്ചക്കറികൾ ടി ഔട്ട് ലൈറ്റുകളിലൂടെ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോയെന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ജൈവ പച്ചക്കറികൾ ഔട്ട് ലൈറ്റുകളിലൂടെ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അകാര്യത്തിൽ എല്ലാവിധ ഇടപെടലുകളും സർക്കാർ നടത്തുന്നതായിരിക്കും. കേരളത്തിലെ പ്രധാനപ്പെട്ട പ്രശ്നമെന്താണെന്നുവച്ചാൽ ശീതകാല

പച്ചക്കറികളുടെ ഉൽപ്പാദനം നടക്കുന്ന മേഖലകളെന്ന് വിശേഷിക്കപ്പെടുന്ന വട്ടവട, കാന്തല്ലൂർ പോലുള്ള മേഖലകളാണ്. അവിടെ പച്ചക്കറിയുല്പാദന സമയത്തുതന്നെ അതായത്, കർഷകൻ കൃഷി ഇറക്കുമ്പോൾതന്നെ മറ്റുപല മേഖലകളിലുമുള്ളവർ അവിടേയ്ക്ക് എത്തുകയും പണം കടം കൊടുക്കുകയും തുടർന്ന് കർഷകർക്ക് അവരുടെ ഉൽപ്പന്നം ഈ ഇടനിലക്കാർക്കുത്തന്നെ കൊടുക്കേണ്ടിവരികയും ചെയ്യുന്നൊരു സാഹചര്യം സർക്കാർ വളരെ ഗൗരവകരമായി കാണുന്നു. ഞാൻ ചുമതലയേറ്റെടുത്തതിനുശേഷം വട്ടവടയിലും കാന്തല്ലൂരിലും നേരിട്ടുപോയി കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകരെയും ജനപ്രതിനിധികളെയും വിളിച്ചുകൂട്ടി ആവശ്യമായ ഇടപെടലുകളിലേക്ക് നീങ്ങിയിട്ടുണ്ട്. കർഷകർക്ക് കൊടുക്കാൻ ഒരുപാട് തുക കുടിശ്ശികയുണ്ടായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 21.25 കോടി രൂപ കർഷകർക്ക് കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നത് കൊടുത്തുവെന്നുകൂടി സഭയെ അറിയിക്കുകയാണ്. 2022 മാർച്ച് 31-വരെ വ്യക്തിഗത കർഷകർക്കുകൊടുക്കാനുള്ള മുഴുവൻ കുടിശ്ശികയും ഹോർട്ടികോർപ് കൊടുത്തു തീർത്തുയെന്നും അറിയിക്കുന്നു. കർഷക സംഘങ്ങളുടെ തുക ഇനിയും കുറച്ച്

കൊടുത്തുതീർക്കാനുണ്ട്. ചില ഏജൻസികളിൽനിന്ന് അതായത്, ചില ഇനം പച്ചക്കറികൾ പുറത്തുനിന്ന് വാങ്ങിയ ഇനത്തിൽ ഇനിയും തുക കൊടുക്കാൻ ബാക്കിയുണ്ട്. മുൻ കാലങ്ങളിലൊന്നും ബഡ്ജറ്റിന്റെ ഭാഗമായി ഹോർട്ടികോർപ്പിനെ സഹായിക്കുന്ന രീതി ഉണ്ടായിരുന്നില്ല. ഇക്കൊല്ലത്തെ ബഡ്ജറ്റിനകത്ത് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ചരിത്രത്തിലാദ്യമായി 15 കോടി രൂപ ഹോർട്ടികോർപ്പിനുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നുള്ള കാര്യംകൂടി ഞാൻ അറിയിക്കുന്നു. ഒരുപാടുപ്രതിസന്ധികൾ അവിടെയുണ്ട്. അങ്ങേയ്ക്കും ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തലക്കും അറിയാവുന്ന കാര്യമാണ്. നിലവിൽ ഹോർട്ടികോർപ്പിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കൂടുതലാണ്. ഒരു ജോലിക്കാരൻ 500 കിലോ ഗ്രാം പച്ചക്കറിയുടെ ഇടപെടൽ നടത്തണമെന്നാണ് കണക്കുകൂട്ടിയിരിക്കുന്നത്. എന്നാൽ അവിടത്തെ സ്റ്റാഫിന്റെ എണ്ണം വളരെ കൂടുതലാണ്. അത്തരം വലിയൊരു പ്രതിസന്ധിയിലേക്ക് സ്ഥാപനം പോകുന്നതിനുള്ള പ്രധാന കാരണം ജീവനക്കാരുടെ എണ്ണം കൂടുതലാണെന്നുള്ളത് തന്നെയാണ്. അതൊരു സാമൂഹിക യാഥാർത്ഥ്യം കൂടിയാണ്. എന്നാലിപ്പോൾ അതിനായി ഗ്രേഡ് തിരിച്ച് ഉദ്യോഗസ്ഥർക്ക് പ്രത്യേക ഉത്തരവാദിത്വം ഏൽപ്പിച്ചിട്ടുണ്ട്.

അതിനനുസരിച്ച് പ്രവർത്തിക്കാത്തവർ ഉണ്ടെങ്കിൽ യാതൊരു വീട്ടുവീഴ്ചയില്ലാതെ നടപടിയെടുക്കും. ഹോർട്ടികോർപ്പ് കർഷകനെ സഹായിക്കാൻ വേണ്ടി നിലകൊള്ളുന്ന സ്ഥാപനമാണ്. അതുതന്നെയാണ് ഹോർട്ടികോർപ്പിന്റെ ലക്ഷ്യവും അതിനനുസരിച്ചുള്ള പ്രവർത്തനവുമാണ് നടത്തേണ്ടത്. അതിനുള്ള ഇടപെടലുകൾ നടത്തുന്നതായിരിക്കും. മേൽ സൂചിപ്പിച്ച പതിനാറിനം പഴം- പച്ചക്കറി പച്ചക്കറികൾക്ക് വിലവർദ്ധനവുണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, മറ്റു സംഭരണ കേന്ദ്രങ്ങൾ എന്നിവയുടെ ഇടപെടലുകളോടുകൂടി ഉല്പന്നങ്ങൾ സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഹോർക്കികോപ്പിനെ ഗ്രേഡ് തിരിച്ച് ഒരു മാർക്കറ്റ് സ്റ്റഡി നടത്തേണ്ടതുണ്ട്. യാതൊരു മാർക്കറ്റ് സ്റ്റഡിയുമില്ലാതെ എത്രത്തോളം വിൽപ്പന നടക്കുമെന്നുപോലും ആലോചിക്കാതെ ഒരു സ്ഥാപനം തുടങ്ങുകയും അവിടേയ്ക്കാവശ്യമായ സ്റ്റാഫുകളെ നിയമിക്കുകയും ചെയ്യും. എന്നാൽ ടി സ്ഥാപനം വൻ നഷ്ടത്തിലേയ്ക്കായിരിക്കും പോകുന്നത്. ഇനി മുതൽ ഇങ്ങനെയൊരു സാഹചര്യമുണ്ടാവില്ല. മാർക്കറ്റ് സ്റ്റഡി നടത്തുന്നതിനായി ഒരു പഠനസമിതിയെ നിയോഗിച്ചു കഴിഞ്ഞു. പ്രസ്തുത പഠന സമിതിയുടെ

റിപ്പോർട്ട് കിട്ടിയാലുടൻതന്നെ ഹോർട്ടികോർപ് ഉദ്യോഗസ്ഥരുമായി അക്കാര്യത്തെപ്പറ്റി ആലോചിച്ചുകഴിഞ്ഞു. ഇതിനായി ബഹുമാനപ്പെട്ട എം.എൽ.എ.മാരെ സമീപിക്കാൻ പറഞ്ഞിട്ടുണ്ട്. എവിടെയൊക്കെ വേണമെന്നത് സംബന്ധിച്ച് അവർ ആലോചിക്കും. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽപോലും ജനപ്രതിനിധികളെ ഉൾപ്പെടെ നേരിൽകണ്ട് ചർച്ച നടത്തി അവരെക്കൂടി വിശ്വാസത്തിലെടുത്ത് മാത്രമേ ഗ്രാമശ്രീ ഔട്ട് ലൈറ്റുകൾ ആരംഭിക്കുകയുള്ളൂ. ഔട്ട് ലൈറ്റുകൾ ലാഭകരമാക്കി പ്രവർത്തിപ്പിക്കാനുപകരിക്കുന്ന തരത്തിലും ഗവൺമെന്റ് നൽകുന്ന തുക കർഷകരിലേക്കുതന്നെ എത്തുന്ന തരത്തിലും അതിനെ പുനസംഘടിപ്പിക്കുന്ന വിധത്തിലുള്ള ഇടപെടലുകൾ നടത്തുന്നതായിരിക്കും.

ശ്രീ. സജി ചെറിയാൻ: സർ, കഴിഞ്ഞ ആറ് വർഷമായി കേരളത്തിന്റെ കാർഷികമേഖലയിൽ വലിയ കുതിച്ചുചാട്ടമാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് എന്റെ മണ്ഡലത്തെ സമ്പൂർണ്ണ തരിശുരഹിത മണ്ഡലമാക്കി മാറ്റുന്നതിന് വലിയതരത്തിലുള്ള സഹായം ഗവൺമെന്റ് ചെയ്യുകയും അത് പൂർത്തീകരിച്ചിരിക്കുകയുമാണ്. സമ്പൂർണ്ണ തരിശുരഹിത മണ്ഡലം പദ്ധതി യാഥാർത്ഥ്യമാക്കാൻ നൽകിയ പണം

ചെലവഴിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിലവിലുള്ള സംവിധാനത്തിലുള്ള കുറവുകൾ പരിഹരിക്കാൻ കഴിയുമോ; എഞ്ചിനീയറിംഗ് വിഭാഗത്തെ ശാക്തീകരിക്കേണ്ടതും ഏകോപിപ്പിക്കേണ്ടതും അനിവാര്യമാണ്. എന്റെ മണ്ഡലത്തിനുവേണ്ടി നൽകിയ ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന് സാങ്കേതികമായ ചില തടസ്സങ്ങളാണ് എഞ്ചിനീയറിംഗ് വിഭാഗം പറയുന്നത്. ഇത് പരിശോധിക്കുന്നതോടൊപ്പം ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ, അവിടെ ഒറ്റപ്പെട്ട ചില ബണ്ടുകളും ഇലക്ട്രിക് കണക്ഷനുകളും മോട്ടോറുകളും പമ്പുകളും സ്ഥാപിച്ചാൽ വലിയ മാറ്റമുണ്ടാകും. തരിശായി കിടന്ന 2500 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്ത് 10000 ടൺ നെല്ല് ഉല്പാദിപ്പിച്ച മണ്ഡലമാണ് ചെങ്ങന്നൂർ. അതിന് സഹായിച്ച ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും അഭിനന്ദിക്കുന്നു. ബാക്കിയുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഏകോപനവും ശാക്തീകരണവും ആവശ്യമായ ഫണ്ടും ലഭ്യമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും. സഭയിലെ ബഹുമാന്യരായ നിരവധി അംഗങ്ങൾ അവരുടെ മണ്ഡലങ്ങളിൽ കാർഷികമേഖലയെ

ഉയർത്തിക്കൊണ്ടുവരുന്നതിനും കാർഷികമേഖലയിൽ ഫലപ്രദമായി ഇടപെടൽ നടത്തുന്നതിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതിന് ഞാൻ എല്ലാവരെയും അഭിനന്ദിക്കുന്നു. ശ്രീ. സജി ചെറിയാന്റെ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതി അതിലൊന്നാണ്. ഇവിടെ നേരത്തെ ചോദ്യം ഉന്നയിച്ച ആദരണീയനായ മുൻപ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ മണ്ഡലത്തിൽ 'ഹരിതം ഹരിപ്പാട്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബഹുമാന്യനായ സ്പീക്കറുടെ മണ്ഡലത്തിലും കാർഷികമേഖലയ്ക്കുവേണ്ടിയുള്ള സമാന പദ്ധതിയുണ്ട്. എല്ലാ അംഗങ്ങളുടെയും പേര് പറയുക ബുദ്ധിമുട്ടായതിനാലാണ് അത് പറയാത്തത്. ഈ പദ്ധതികൾ നടപ്പിലാക്കുന്ന എല്ലാ അംഗങ്ങളെയും കൃഷിവകുപ്പിനുവേണ്ടി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനയോഗിക്കുകയാണ്. ശ്രീ. സജി ചെറിയാൻ ഇവിടെ സൂചിപ്പിച്ച പദ്ധതിക്കാവശ്യമായ എല്ലാ സഹായവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് അറിയിക്കുന്നു. എഞ്ചിനീയറിംഗ് മേഖലയുമായി ബന്ധപ്പെട്ടുള്ള പോരായ്മകളും കുറവുകളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതൊക്കെ പരിഹരിച്ച് ആ പദ്ധതി സമയബന്ധിതമായി

പൂർത്തിയാക്കാനുള്ള എല്ലാ ഇടപെടലുകളും വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും. കൃത്യമായ അവസരങ്ങളിൽ മന്ത്രി എന്ന നിലയിൽ ഞാൻ നേരിട്ട് അതിന്റെ മോണിറ്ററിംഗും നടത്തുന്നതായിരിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ 16 ഇനം പച്ചക്കറികൾ ഹോർട്ടികോർപ്പ് മുഖേന സംഭരിക്കാൻ നേരത്തെ തീരുമാനിക്കുകയുണ്ടായി. പിന്നീട് കിഴങ്ങുവർഗ്ഗങ്ങൾകൂടി സംഭരിക്കാൻ തീരുമാനിച്ചു. ഇതിനെല്ലാം കൂടി കേരളത്തിൽ എത്ര സംഭരണ കേന്ദ്രങ്ങളാണുള്ളത്. ഇപ്പോൾ പല ഉല്പന്നങ്ങളും ഒറ്റത്തവണ സംഭരിച്ച് നിർത്തിയതായാണ് കാണാൻ കഴിയുന്നത്. ഇതിന്റെ സംഭരണം എപ്പോൾ പുനരാരംഭിക്കാനാണ് ആഗ്രഹിക്കുന്നത്?

ശ്രീ. പി. പ്രസാദ്: സർ, സംഭരണം അത്തരത്തിൽ നിർത്താറില്ല. വില വ്യത്യാസം വരുന്ന ഉല്പന്നങ്ങൾ എല്ലായിടങ്ങളിൽനിന്നും സംഭരിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് സംഭരണം നിർത്തുന്നൊരു സ്ഥിതിവിശേഷമുണ്ടാവില്ല. കേരളത്തിൽ കൃഷിവകുപ്പിന്റെ കീഴിൽ 300 സംഭരണ കേന്ദ്രങ്ങളുണ്ട്. ഇതുകൂടാതെ 250 പാക്സുകളെ (PACS-Primary Agriculural Credit Society) ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംഭരണകേന്ദ്രങ്ങളുടെ എണ്ണം കൂട്ടുന്നതോടൊപ്പം കേരളത്തിലെ കർഷകർക്കാർക്കും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കാത്ത വിധത്തിലൊരു ബുദ്ധിമുട്ടിലേയ്ക്ക് പോകരുതെന്നാണ് സർക്കാർ കണക്കുകൂട്ടുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കും. ഇപ്പോൾ 300 സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പാക്സിന്റേതായി (PACS-Primary Agriculural Credit Society) 250 സംഭരണ കേന്ദ്രങ്ങൾ കൂടിയുണ്ട്. ഇവയെല്ലാം പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുകയും ചെയ്യും.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ, ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ പഴം-പച്ചക്കറികളുടെ ലഭ്യതക്കുറവുണ്ട്. ഉദാഹരണത്തിന് ഒരു വീട്ടമ്മ സാമ്പാറിനും അവിയലിനുമുള്ള പച്ചക്കറി വാങ്ങാൻ ഹോർട്ടികോർപ്പിന്റെ സ്റ്റാളിലേയ്ക്ക് വരുമ്പോൾ ചിലപ്പോൾ അവിടെ സവാളയോ തക്കാളിയോ കാണാറില്ല. അതിനായി അവർ മറ്റ് കടകളിലേയ്ക്ക് പോകും. ഇതിന്റെ ഫലമായി ഹോർട്ടികോർപ്പിന്റെ പല സ്റ്റാളുകളും അടച്ചുപൂട്ടേണ്ടിവരുന്നു. എന്റെ മണ്ഡലത്തിൽ ഭരണിക്കാവ്, ശാസ്താംകോട്ട, ചക്കുവള്ളി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന മൂന്ന് സ്റ്റാളുകൾ അടുത്ത കാലത്തായി പൂട്ടി. അത് റീ-ഓപ്പൺ ചെയ്യുന്നതിനായി ഞാൻ ജില്ലാ മാനേജരെ

വിളിച്ചുപറഞ്ഞു. സ്റ്റാളുകളിലെല്ലാം വൈകുന്നേരം 3 മണിക്കുശേഷമാണ് പച്ചക്കറികളുടെ ലോഡ് വരുന്നത്. രാവിലെ ലോഡ് വന്നാൽ ഗുണകരമായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ശ്രദ്ധിക്കുന്നത് നന്നായിരിക്കും. നിർത്തലാക്കിയ മൂന്ന് സ്റ്റാളുകളും റീ-ഓപ്പൺ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മൂന്ന് സ്റ്റാളുകളും എന്ത് കാരണത്താലാണ് നിർത്തലാക്കിയെന്ന് പരിശോധിക്കാം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, നിർത്തലാക്കുന്നതിന് ചില ഘടകങ്ങളുണ്ട്. ലാഭത്തിൽ പ്രവർത്തിക്കാൻ സാധ്യമാകുന്നതും ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നതുമായ സ്റ്റാളുകൾ ഉദ്യോഗസ്ഥർക്ക് പ്രവർത്തിപ്പിക്കാൻ കഴിയുമെങ്കിൽ അവ തീർച്ചയായും നിലനിർത്തും. സ്റ്റാളുകൾ ബോധപൂർവ്വമായി അടച്ചുപൂട്ടുകയെന്നത് സർക്കാരിന്റെ നയമല്ല. ഒരു സ്റ്റാളിൽ വിൽപ്പന കുറവാണെങ്കിൽ അത് പൂട്ടാമെന്ന് തീരുമാനിക്കുന്നതല്ല. പച്ചക്കറി എത്തിക്കുന്ന സമയത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഹോർട്ടികോർപ്പിലെ ഉന്നതഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഈ വിഷയം അടിയന്തരമായി

പരിശോധിക്കാം. പ്രസ്തുത സ്റ്റാളുകൾ നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുന്നതാണെങ്കിൽ തീർച്ചയായും അത്തരത്തിൽത്തന്നെ മുന്നോട്ടുപോകുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, മാർക്കറ്റിംഗ് സ്റ്റഡി നടത്തുമെന്നും അതിന്റെ സംഭരണ-വിതരണത്തിൽ ശ്രദ്ധിക്കുമെന്നും അങ്ങ് പറഞ്ഞത് സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും ഇടപെടലിന്റെ ഭാഗമായി ഒട്ടേറെപ്പേർ കൃഷിയിലേയ്ക്ക് കടന്നുവന്നതിന്റെ ഫലമായി സീസണലായി ചില പച്ചക്കറികളുടെ ഉല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ അവ സംഭരിക്കാൻ ഹോർട്ടികോർപ്പ് മടിച്ചുനിൽക്കുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും ഈ പ്രശ്നം പരിഹരിക്കും. ഹോർട്ടികോർപ്പിനെയും നേരത്തെ പറഞ്ഞതുപോലെയുള്ള സംഭരണകേന്ദ്രങ്ങളെയും ശക്തിപ്പെടുത്തും. 'ഞങ്ങളും കൃഷിയിലേയ്ക്ക് ''എന്ന പദ്ധതി വളരെ നന്നായി നടക്കുന്ന മണ്ഡലങ്ങളിലൊന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലം. കൃഷിക്കൂട്ടങ്ങൾ കൂടി യാഥാർത്ഥ്യമാകുമ്പോൾ, 20

ശതമാനം കൃഷിക്കൂട്ടങ്ങൾ സംഭരണം, സംസ്കരണം, വിപണനം എന്നിവയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആ പ്രശ്നം പൂർണ്ണമായി പരിഹരിക്കണമെന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. എവിടെയെങ്കിലും പോരായ്മകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അടിയന്തരമായി വകുപ്പിന്റെ ഇടപെടലുണ്ടാകുമെന്ന കാര്യം ഉറപ്പുനൽകുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കേരളത്തിൽ ഇന്ന് ചക്ക, മാങ്ങ, വാഴപ്പഴം, പൈനാപ്പിൾ, നാളികേരം തുടങ്ങി എല്ലാ ഉല്പന്നങ്ങളും സംസ്കരിക്കാതെ അയൽസംസ്ഥാനങ്ങളിലേയ്ക്ക് വിപണനം നടത്തുന്നുണ്ട്. ഇവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിമാറ്റി അയൽസംസ്ഥാനങ്ങൾ ലാഭം കൊയ്യുന്നു. കേരളത്തിൽ ആഭ്യന്തര സുസ്ഥിര വിപണിയില്ലാത്തതുകൊണ്ടല്ലേ ഇത് സംഭവിക്കുന്നത്; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇതിനായി നമ്മുടെ രീതികൾതന്നെ മാറേണ്ടതുണ്ട്. പഴങ്ങൾ എന്നുപറഞ്ഞാൽ ആപ്പിൾ, ഓറഞ്ച്, മുന്തിരി മാത്രമാണെന്ന നിലയിലേയ്ക്കാണ് പോകുന്നത്. ഒരു രോഗിയെക്കാണാൻ പോകുന്നയാൾ ചക്കപ്പഴം കൊണ്ടുപോകുന്നില്ല. ആപ്പിൾ വാങ്ങിക്കൊണ്ട്

കൊടുക്കാനാണ് ശ്രമിക്കുന്നത്. അത് നമ്മുടെ attitude ആണ്. പാലോട് ടി.ബി.ജി.ആർ.ഐ.യുടെ ഒരു പഠന റിപ്പോർട്ടിൽ പറയുന്നത് ആപ്പിൾ, ഓറഞ്ച്, മുന്തിരി എന്നിവയിൽ അടങ്ങിയിരിക്കുന്നതുപോലെയുള്ള ഗുണമേന്മ ചക്കയിലും മാങ്ങയിലുമുണ്ടെന്നാണ്. നാം അത് വെറുതെ പാഴാക്കുകയാണ്. വിപണനത്തിനുമാത്രമല്ല, ഇവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ടാണ് ഇന്ന് ആലോചിക്കുന്നത്. ഇവ യഥാസമയം സംഭരിച്ച് സംസ്കരിച്ചശേഷം വിപണനം നടത്തുക എന്നതാണ്. കൃഷി വകുപ്പ് അതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ നൂറുകണക്കിന് സ്ഥാപനങ്ങൾ കൊണ്ടുവരാൻ സാധിക്കുന്ന വാല്യൂ ആഡഡ് പ്രോഡക്ട് നിർമ്മിക്കാൻ കഴിയുന്നൊരു മേഖലതന്നെയാണിത്. ഇതിനായി മാളയിൽ ഒരു കേന്ദ്രം തുടങ്ങിയിരുന്നു. നമ്മൾ ഉദ്ദേശിച്ച അർത്ഥത്തിൽ ആ കേന്ദ്രം മുന്നോട്ടുകൊണ്ടുപോകുന്നതിൽ ചില തടസ്സങ്ങളുണ്ടായി. സർക്കാരിന്റെ മേൽനോട്ടത്തിലുള്ള ഈ സ്ഥാപനം അടിയന്തരമായി പ്രവർത്തന സജ്ജമാക്കും. സ്വകാര്യരംഗത്തേയ്ക്ക് കൃഷിക്കാരുടെ കൂട്ടങ്ങൾ...., നിലവിൽ Farmer

Producer Organization (FPO)-കൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. എഫ്.പി.ഒ.കളിൽ പലതും പഴവർഗ്ഗങ്ങളുടെ സംഭരണത്തിന്റെയും സംസ്കരണത്തിന്റെയും രംഗത്തേയ്ക്കാണ് വരുന്നത്. വിദേശമാർക്കറ്റുകളിലടക്കം കയറ്റിയയ്ക്കാൻ പറ്റുന്ന ഒരു മേഖലയാണിത്. ഇത് നന്നായി ഉപയോഗപ്പെടുത്താനാണ് കൃഷിവകുപ്പ് ആലോചിക്കുന്നത്. ഇതിനായി എല്ലാ അംഗങ്ങളുടെയും പ്രാദേശികമായ പിന്തുണ കൂടിയുണ്ടാകണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, കൃഷി ചെയ്യുന്നതിന് നാം നേരിടുന്ന നിരവധി പ്രശ്നങ്ങളിലൊന്നാണ് ഭൂമിയുടെ കുറവ്. ആയത് പരിഹരിക്കുന്നതിനുവേണ്ടി ശാസ്ത്രീയ രീതിയിലുള്ള, സ്ഥലപരിമിതമായ ഇടങ്ങളിൽ നടപ്പിലാക്കാൻ കഴിയുന്ന ഉയർന്ന ഉല്പാദനശേഷിയുള്ള പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, തീർച്ചയായും അതൊരു ഘടകംതന്നെയാണ്. പണ്ടുകാലങ്ങളിൽ നമ്മൾ കണക്കുകൂട്ടിയിരുന്നതുപോലെ മണ്ണ് ഒരു പ്രധാന ഘടകമാണ്, മണ്ണുണ്ടെങ്കിൽ മാത്രമേ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. ഹൈഡ്രോപോണിക് പോലുള്ള സാങ്കേതിക വിദ്യകളിലൂടെ മണ്ണില്ലാതെ

കൃഷി ചെയ്യാൻ കഴിയുന്ന രീതി നമ്മളെ അത്ഭുതപ്പെടുത്തുകയാണ്. ഇതിനെയെല്ലാം ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കണം. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുണ്ടാകണം. ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയെക്കുറിച്ച് ആലോചിച്ചപ്പോൾ, 10000 കൃഷിക്കൂട്ടങ്ങളെ ലക്ഷ്യം വച്ചിടത്ത് 24000 കൃഷിക്കൂട്ടങ്ങൾ വന്നപ്പോൾ, ഇവർക്കെല്ലാം വിത്ത് വിതരണം ചെയ്യേണ്ടതുണ്ട്. ബഹുമാന്യരായ പല അംഗങ്ങളും വിത്തുകളും തൈകളും ആവശ്യപ്പെട്ടിട്ടുണ്ട്. സാധാരണ വിത്തുകളല്ല, ഉല്പാദനശേഷിയുള്ള ഹൈബ്രിഡ് ഇനങ്ങൾ വേണം. സർവ്വകലാശാലകളുമായും കൃഷിവകുപ്പിന്റെ ഫാമുകളുമായും ബന്ധപ്പെട്ട് കൂടുതൽ വിത്തുകൾ ഉല്പാദിപ്പിച്ച് നൽകുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്. സ്ഥലപരിമിതിയുള്ള സ്ഥലങ്ങളിൽ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൊടുത്ത് കൃഷി ചെയ്യുന്നതിനും അതോടൊപ്പം ഹൈഡ്രോപോണിക് അടക്കമുള്ള പുതിയ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ടുമുള്ള കൃഷിരീതികൾ നടപ്പിലാക്കാനും സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. അത് നടപ്പിലാക്കുന്നതായിരിക്കും.

മി. സ്പീക്കർ: വളരെ കുറച്ച് ചോദ്യങ്ങൾമാത്രം കിട്ടിയിട്ടുള്ള അംഗങ്ങളുണ്ട്. അവരെയാണ് ഇപ്പോൾ പരിഗണിക്കുന്നത്.

ശ്രീ. എ. രാജ: സർ, കർഷകരുടെ ദുരിതങ്ങൾ നേരിട്ട് കണ്ട് അവ പരിഹരിക്കുന്നതിനായി അങ്ങ് നടത്തുന്ന ഇടപെടലുകൾ അഭിനന്ദനാർഹമാണ്. പ്രത്യേക പദവി ലഭിച്ച ഉല്പന്നമാണ് എന്റെ മണ്ഡലത്തിൽ ഉല്പാദിപ്പിക്കുന്ന മറയൂർ ശർക്കര. എന്നാൽ മറയൂർ ശർക്കര എന്ന വ്യാജേന മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ശർക്കര കേരളത്തിലെ വിപണിയിൽ എത്തുന്നുണ്ട്. ഇത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും. ഇത് വളരെ ഗൗരവകരമായ കാര്യമാണ്. ജി.ഐ. പദവി കിട്ടിയ ഉല്പന്നങ്ങളിലൊന്നാണ് മറയൂർ ശർക്കര. അന്യസംസ്ഥാനങ്ങളിൽനിന്ന് പഞ്ചസാര ചേർത്ത് ശർക്കര ഇവിടെ കൊണ്ടുവന്ന് മറയൂർ ശർക്കര എന്ന പേരിൽ വിപണനം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗവും ഞാനും ആ മേഖല സന്ദർശിച്ചപ്പോൾ കർഷകരടക്കം ഇങ്ങനെയൊരു

പരാതി എനിക്ക് നൽകിയിട്ടുണ്ട്. അത് തടയുന്നതിന് സർക്കാരിന്റെ ഫലപ്രദമായ ഇടപെടലുണ്ടാകും.

റബ്ബർ കർഷകരുടെ ദുരിതം പരിഹരിക്കാൻ നടപടി

(*423) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. മാത്യു ടി. തോമസ്:

ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) റബ്ബർ ഷീറ്റ്, റബ്ബർ ലാറ്റക്സ് എന്നിവയ്ക്ക് കാർഷിക ഉല്പന്ന പദവി ലഭ്യമാക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റബ്ബർ കർഷകർ നേരിടുന്ന ദുരിതം പരിഹരിക്കുന്നതിന് പുതിയതായി ആവിഷ്കരിച്ചിട്ടുള്ള മറ്റ് പദ്ധതികൾ, ഇവയുടെ പുരോഗതി എന്നിവ വിശദമാക്കുമോ?

മി. സ്പീക്കർ: മറുപടി വളരെ ദീർഘമാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ആയത് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്. ഇന്ന് ഒരു അടിയന്തര ചോദ്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) : സർ, ഞാൻ ഉത്തരം

മേശപ്പുറത്ത് വയ്ക്കുന്നു.

(എ) റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റബ്ബറിന്റെ വില തകർച്ചകാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സർക്കാർ 03.07.2015-ലെ സ.ഉ. (പി) നം. 269/2015/ധന. പ്രകാരം റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും (Daily Reference Price) തമ്മിലുള്ള വിലവ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം RSS-1,2,3,4,5, ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകിവരുന്നു. റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സർക്കാരിന് സമർപ്പിക്കുന്നതനുസരിച്ചാണ് സബ്സിഡി തുക കർഷകർക്ക് നൽകുന്നത്.

റബ്ബറിന്റെ ഉല്പാദനച്ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിൽ റബ്ബറിന്റെ താങ്ങുവില 2021 എപ്രിൽ 1 മുതൽ കിലോയ്ക്ക് 150 രൂപയിൽനിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർദ്ധനവ് ഷീറ്റ് റബ്ബറിനും ലാറ്റക്സിനും ബാധകമാണ്. എന്നാൽ, ഒരു കിലോ റബ്ബർഷീറ്റ് ഉല്പാദിപ്പിക്കാനുണ്ടാകുന്ന അധികച്ചെലവായ 9 രൂപ, താങ്ങുവിലയായ 170 രൂപയിൽനിന്ന് കിഴിച്ചുള്ള തുകയാണ് (കിലോയ്ക്ക് 161 രൂപ) ഒരു കിലോ ലാറ്റക്സിന് സബ്സിഡി തുക കണക്കാക്കുന്നതിനുള്ള താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്.

14/07/2022-വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച കുടിശ്ശികയായി ഉണ്ടായിരുന്ന 2.31 കോടി രൂപയുടെ സബ്സിഡി തുക കർഷകർക്ക് കൈമാറുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സ്വാഭാവികമായ റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കാൻ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. ഇക്കാര്യത്തിനായി വ്യവസായ വകുപ്പിനുകീഴിൽ റബ്ബർ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി 'CIAL Model'ൽ ഒരു റബ്ബർ കമ്പനി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ സംസ്ഥാന സർക്കാർ രൂപം

നൽകുകയും പ്രസ്തുത കമ്പനി 2021-ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനം പൂർണ്ണമായി സജ്ജമാകുന്നതോടെ ഈ ലക്ഷ്യം കൈവരിക്കാൻ സാദ്ധ്യമാകുന്നതാണ്.

പ്രകൃതിക്ഷോഭംമൂലം കൃഷി നാശത്തിനുള്ള സഹായധന പദ്ധതിയിൽ ഉൾപ്പെടുത്തി, വിളനാശമുണ്ടാകുമ്പോൾ ടാപ്പ് ചെയ്യുന്ന റബ്ബറിന് 300 രൂപയും ടാപ്പ് ചെയ്യാത്ത റബ്ബറിന് 200 രൂപയും അനുവദിക്കുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തി ഇൻഷ്വർ ചെയ്ത റബ്ബറിന് വിളനാശമുണ്ടാകുമ്പോൾ ടാപ്പ് ചെയ്ത റബ്ബറിന് 1000 രൂപയും ടാപ്പ് ചെയ്യാത്ത റബ്ബറിന് 600 രൂപയും അനുവദിക്കുന്നു .

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, റബ്ബർ കയറ്റുമതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നടപ്പിലാക്കാൻപോകുന്ന റബ്ബർ ആക്ടിന്റെ കരട് തയ്യാറായിരിക്കുകയാണ്. കേരളത്തിലെ റബ്ബർ കർഷകരെ ദോഷകരമായി ബാധിക്കുന്ന പല വിഷയങ്ങളും ഈ ആക്ടിൽ വരാൻപോകുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കേരളാ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പ്രസ്തുത ആക്ടിന്മേൽ കേന്ദ്ര ഗവൺമെന്റ് വരുത്താനുദ്ദേശിക്കുന്ന

ഭേദഗതികൾക്കെതിരെ എന്തൊക്കെ ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. പ്രസാദ്: ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. റബ്ബർ ആക്ടുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യത്തിൽ കേരളത്തിന്റെ ആശങ്ക നിരവധി തവണ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു. കഴിഞ്ഞ ദിവസം കേന്ദ്ര കൃഷി വകുപ്പുമന്ത്രി സംസ്ഥാന കൃഷി വകുപ്പുമന്ത്രിമാരുടെ ഒരു യോഗം ബാംഗ്ലൂരിൽ വിളിച്ചുചേർത്തിരുന്നു. ആ യോഗത്തിലും റബ്ബർ ഇറക്കുമതിയുടെയും റബ്ബർ ആക്ടിന്റെയും കാര്യങ്ങൾ സംബന്ധിച്ചുള്ള കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കണമെന്നും കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മളെല്ലാവരുംചേർന്ന് ശക്തമായ ഒരു നിലപാടെടുത്ത് സമ്മർദ്ദം ചെലുത്തുകയും സമരം ചെയ്യേണ്ടതുമായ ഒരവസ്ഥയിലേയ്ക്കായിരിക്കും എത്തിച്ചേരുക. കേരളത്തിൽ ഇപ്പോൾതന്നെ റബ്ബർ കർഷകർ ബുദ്ധിമുട്ടിലാണ്. ആ ആക്ടുകൂടി നിലവിൽ വന്നാൽ കർഷകർ കുറെക്കൂടി ബുദ്ധിമുട്ടിലായിത്തീരും.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, മലയോര മേഖല ഒഴികെയുള്ള ഭാഗങ്ങളിലാണെങ്കിൽപോലും റബ്ബർ തൈകൾ നടുമ്പോൾ കാട്ടുപന്നികൾ നശിപ്പിക്കുകയും കാട്ടാനകൾ വലിയ വൃക്ഷങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നു. ഇതിനെല്ലാം വനം വകുപ്പാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. വളരെ തുച്ഛമായ തുകയാണ് വനംവകുപ്പ് റബ്ബറിന് നഷ്ടപരിഹാരമായി നൽകുന്നത്. മാത്രമല്ല, അതിനായി വലിയ നടപടക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതിനുശേഷം പിന്നെ വനം വകുപ്പിന്റെ അനുമതി ലഭിക്കണം, അങ്ങനെ വലിയൊരു പ്രോസസ് തന്നെയുണ്ട്. എന്നാൽപോലും ലഭിക്കുന്ന നഷ്ടപരിഹാരത്തുക വളരെ തുച്ഛവുമാണ്. വനം വകുപ്പ് നൽകുന്ന തുകയ്ക്കുപുറമെ കൃഷിവകുപ്പുകൂടി നഷ്ടപരിഹാരം കർഷകർക്ക് ലഭ്യമാക്കണം. കാരണം അനേകം വർഷങ്ങൾ വേണ്ടിവരും ഒരു റബ്ബർ വൃക്ഷം പരിപാലിച്ചെടുക്കാൻ. അങ്ങനെ വളർത്തുന്ന അഞ്ച് റബ്ബർ മരം ആന നശിപ്പിച്ചെന്ന് പറഞ്ഞാൽ അതൊരു വലിയ നഷ്ടമാണ്. അതിനിടയിൽ പുതിയൊരു തൈ നട്ടുപിടിപ്പിക്കാനും കഴിയില്ല. ആ സ്ഥലം വർഷാവർഷംവരെ വെറുതെ കിടക്കുകയേ മാർഗ്ഗമുള്ളൂ. അതുകൊണ്ട് മെച്ചപ്പെട്ടൊരു തുക നഷ്ടപരിഹാരമായി നൽകാൻ കൃഷി വകുപ്പ്

തയ്യാറാകുമോ?

ശ്രീ. പി. പ്രസാദ്: സർ, പ്രകൃതിക്ഷോഭങ്ങൾ, വന്യമൃഗങ്ങളുടെ ശല്യം എന്നിവമൂലമുണ്ടാകുന്ന കൃഷിനാശത്തിന് കൊടുക്കുന്ന സാമ്പത്തിക സഹായവും ഇൻഷ്വറൻസ് പരിരക്ഷയുമാണ് ഇപ്പോൾ കർഷകർക്ക് ലഭിക്കുന്നത്. കൃഷി വകുപ്പിനെയാണ് നഷ്ടപരിഹാരം എത്രയെന്ന് തിട്ടപ്പെടുത്താൻവേണ്ടി നിയോഗിച്ചിട്ടുള്ളത്. കൃഷി വകുപ്പ് തിട്ടപ്പെടുത്തുന്ന നഷ്ടപരിഹാരത്തോടൊപ്പം വനം വകുപ്പ് നൽകുന്ന പത്തുശതമാനം തുകയും ചേർത്താണ് ഇപ്പോൾ ആനുകൂല്യം നൽകിവരുന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെ കൃഷിക്കാർക്ക് കുറെക്കൂടി സഹായകരമായ രീതിയിലുള്ള ഒരു സ്മാർട്ട് വിള ഇൻഷ്വറസ് പദ്ധതി നടപ്പാക്കുന്നതിനെപ്പറ്റി കൃഷി വകുപ്പ് ആലോചിക്കുന്നുണ്ട്. ഇക്കാര്യംകൂടി അതിന്റെ പരിഗണനയിൽ ഉൾപ്പെടുത്തുന്നതാണ്. വനമേഖലയുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ കൂടുതൽ സഹായം നൽകേണ്ടത് അത്യന്താപേഷിതമാണ്. ആ കാര്യവും പ്രത്യേകം പരിശോധിക്കുന്നതാണ്.

അടിയന്തര ചോദ്യം

വാനര വസൂരി പ്രതിരോധ നടപടികൾ

(1) ശ്രീ. എ. പി. അനിൽകുമാർ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) രാജ്യത്ത് ആദ്യമായി, സംസ്ഥാനത്ത് വാനര വസൂരി സ്ഥിരീകരിച്ച സാഹചര്യത്തിൽ, സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വാനര വസൂരി ഏതൊക്കെ രീതിയിൽ പകരാൻ സാധ്യതയുണ്ടെന്ന് അറിയിക്കുമോ; രോഗ പകർച്ച തടയാൻ ജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആദ്യമായി വാനര വസൂരി സ്ഥിരീകരിച്ച കൊല്ലം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഏകോപനത്തിൽ വീഴ്ചയുണ്ടായതായി വാർത്തകൾ വന്നതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിപ വൈറസ് വീണ്ടും റിപ്പോർട്ട് ചെയ്യപ്പെടാൻ

ഇടയാക്കിയ സാഹചര്യങ്ങൾക്കൂടി വിശകലനം ചെയ്ത് വാനര വസൂരി രോഗം കൂടുതൽ ആളുകളിലേക്ക് പടരാതെ തുടക്കത്തിൽതന്നെ നിയന്ത്രണ വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) : സർ,

ഷാർജയിൽനിന്നും 12.07.2022-ന് എത്തിയ കൊല്ലം ജില്ലക്കാരനായ 34 വയസ്സുള്ള ഒരു പുരുഷനിലാണ് വാനര വസൂരി ആദ്യം സ്ഥിരീകരിച്ചത്. അദ്ദേഹം ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. രോഗിയുടെ ചികിത്സയ്ക്കായി ഒരു Medical team രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ ചികിത്സ നല്കിവരികയും ചെയ്യുന്നു. രോഗിയുമായി അടുത്തിടപഴകിയ രണ്ട് കുടുംബാംഗങ്ങൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്വാറന്റയിനിലുണ്ട്. ഇവർക്ക് രോഗലക്ഷണമുണ്ടോയെന്ന് നിരീക്ഷിച്ചുവരുന്നു. ഇവർക്ക് രോഗലക്ഷണമുണ്ടോയെന്ന് നിരീക്ഷിച്ചുവരികയും ചെയ്യുന്നു. ഇവരുടെ സാമ്പിളുകളുടെ ആദ്യ പരിശോധനാഫലങ്ങൾ നെഗറ്റീവാണ്. 13/07/2022-ൽ ദുബായിൽനിന്ന് മംഗലാപുരം വിമാനത്താവളത്തിലെത്തിയ കണ്ണൂർ സ്വദേശിയായ 31 വയസ്സുകാരനാണ് രണ്ടാമത് പോസിറ്റീവായത്. ഇദ്ദേഹം

പരിയാരം മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡിലാണുള്ളത്. രണ്ട് പോസിറ്റീവ് കേസ്സുകളിലും ആ രോഗികളുടെ ആരോഗ്യനില തൃപ്തികരമാണ്. രണ്ട് കേസ്സുകളിലും രോഗികളുടെ ബന്ധുക്കൾ, വിമാനങ്ങളിലുണ്ടായിരുന്നവർ, കാബിൻ ക്രൂ, ബാഗേജ് കൈകാര്യം ചെയ്തവർ തുടങ്ങി എല്ലാ കോണ്ടാക്ടുകളേയും കണ്ടെത്തുകയും അവരെ നിരീക്ഷണത്തിലാക്കുകയും ചെയ്തിട്ടുണ്ട്. Monkey pox case റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ഇത്തരം രോഗികൾ ഇനിയും വരാൻ സാധ്യതയുള്ളതിനാൽ Outbreak monitoring Unit-ന്റെ നേതൃത്വത്തിൽ, മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാഷ്വാലിറ്റികളിൽതന്നെ red channel രൂപീകരിച്ചിട്ടുണ്ട്. ഇത്തരം രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനും ചികിത്സിക്കുന്നതിനുംവേണ്ടിയുള്ള പ്രത്യേക ഐസൊലേഷൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. രോഗം സ്ഥിരീകരിക്കപ്പെട്ട വ്യക്തിയിൽനിന്നുള്ള സാമ്പിൾ പരിശോധനയിൽ വെസ്റ്റ് ആഫ്രിക്കൻ വിഭാഗത്തിൽപ്പെട്ട വൈറസ് അഥവാ West African Strain മൂലമുള്ള രോഗബാധയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് താരതമ്യേന പകർച്ചക്കുറവുള്ളതും മരണനിരക്ക് കുറവുള്ളതുമാണ്.

ഈ വകഭേദംമൂലമുള്ള ചില വെല്ലുവിളികളുണ്ട്. പ്രത്യക്ഷത്തിൽ പുറത്തുകാണുന്ന ശരീരഭാഗങ്ങളിലല്ലാതെയും റാഷസ് വരാമെന്നുള്ളതാണ് അതിലൊന്ന്. ഇത്തരത്തിലുള്ള രോഗബാധ യു. കെ. പോലുള്ള രാജ്യങ്ങളിൽ കൂടുതലാണ്. ഇതുൾപ്പെടെയുള്ള സാഹചര്യങ്ങളിൽ വൈറസ്ബാധ ഡയഗനോസ് ചെയ്യുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും ത്വക്ക് രോഗ വിദഗ്ദ്ധർക്കും മറ്റ് ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും കൃത്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഗർഭിണികൾക്ക് വൈറസ്ബാധ ഉണ്ടാകാതെ നോക്കുകയെന്നത് വളരെ പ്രധാനമാണ്. സംസ്ഥാനത്ത് വാനര വസൂരി സ്ഥിരീകരിച്ച സാഹചര്യത്തിൽ താഴെപ്പറയുന്ന പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആദ്യ കേസ് റിപ്പോർട്ടുചെയ്തപ്പോൾതന്നെ സ്റ്റേറ്റ് റാപിഡ് റെസ്പോൺസ് ടീം ചേർന്നുകൊണ്ട് നിരീക്ഷണ ചികിത്സാ പരിശോധനാ മാനദണ്ഡങ്ങൾ ഒരിക്കൽക്കൂടി ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എൻ.ഐ.വി. പൂനയിൽനിന്നും രോഗസ്ഥിരീകരണ റിപ്പോർട്ട് ലഭിച്ചയുടൻതന്നെ നടത്തിയ ഈ മീറ്റിംഗിൽ സംസ്ഥാന മെഡിക്കൽ

ബോർഡ് അംഗങ്ങൾ, ഡി.എം.ഒ.മാർ, ഡി.എസ്.ഒ.മാർ, ഉന്നത ഉദ്യോഗസ്ഥർ, സംസ്ഥാന പൊതുജനാരോഗ്യ ടീമംഗങ്ങൾ എന്നിവർ പങ്കെടുത്തിട്ടുണ്ട്.

രോഗം സ്ഥിരീകരിച്ചവരുടെ സമ്പർക്കപ്പട്ടിക തയ്യാറാക്കുകയും സമ്പർക്കത്തിലുള്ളവരെ നിരീക്ഷണത്തിലാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിലുള്ളവരും ഇതിലുണ്ട്. കുടുംബാംഗങ്ങൾ, ആരോഗ്യപ്രവർത്തകർ, ടാക്സി-ഓട്ടോ ഡ്രൈവർമാർ, വിമാനത്തിൽ ഒപ്പം യാത്ര ചെയ്തവർ, ക്യാബിൻ ക്രൂ, എയർപോർട്ട് ജീവനക്കാർ തുടങ്ങിയവരുടെ വിവരങ്ങൾ ശേഖരിച്ചുകൊണ്ട് പ്രൈമറി കോൺടാക്ടുകളെയും അല്ലാത്തവരെയും വേർതിരിച്ച് നിരീക്ഷണത്തിലാക്കുകയാണ് ചെയ്തിട്ടുള്ളത്. സമ്പർക്കപ്പട്ടിയിലുള്ള എല്ലാവരെയും 21 ദിവസമാണ് ഇൻക്യുബേഷൻ കാലാവധി, അതുകൊണ്ട് 21 ദിവസം കർശനമായി നിരീക്ഷിക്കാനും എല്ലാവരിലും രോഗലക്ഷണങ്ങളുടെ നിരീക്ഷണം നടത്താനും എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകി.

ആശാവർക്കർമാരുൾപ്പെടെയുള്ള ഫീൽഡ് വർക്കേഴ്സ് വഴി ഗൃഹസന്ദർശനം നടത്തി രോഗ നിരീക്ഷണം നടത്തുവാൻ നിർദ്ദേശം

നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ സൈക്കോ സോഷ്യൽ സപ്പോർട്ട്, രോഗികൾക്കും സമ്പർക്കത്തിലുള്ളവർക്കും നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

സമ്പർക്കപ്പട്ടികയിലുള്ള എല്ലാവരുടേയും രോഗനിരീക്ഷണം ദിവസവും രണ്ടുതവണ ഫോണിലൂടെയും നടത്തിവരുന്നുണ്ട്. ലക്ഷണങ്ങളുള്ളവരെ ജില്ലയിലെ നിയുക്ത ആശുപത്രികളിലേക്ക് മാറ്റുകയും കർശനമായി ഐസൊലേഷനിൽ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

4 അന്താരാഷ്ട്ര എയർപോർട്ടുകളിലും അന്താരാഷ്ട്ര യാത്രക്കാരെ നിരീക്ഷിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. അവിടെ ഹെൽപ്പ് ഡെസ്കാണുള്ളത്.

എല്ലാ ജില്ലകളിലും രോഗലക്ഷണങ്ങളുള്ളവരെ പ്രവേശിപ്പിക്കുവാനായി പ്രത്യേകം ആശുപത്രികൾ, ഐസൊലേഷൻ സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, പൂണെ എൻ.ഐ.വി-യിലായിരുന്നു പരിശോധനയ്ക്കായി സാമ്പിളുകൾ അയച്ചിരുന്നത്. കഴിഞ്ഞ ദിവസം മുതൽ സംസ്ഥാനത്ത്, ആലപ്പുഴ എൻ.ഐ.വി ലാബിലും പരിശോധനാ സൗകര്യം ക്രമീകരിച്ച് പരിശോധന ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 28 ലാബുകളിൽ ആർ. ടി. പി. സി. ആർ. സൗകര്യമുണ്ട്. ഈ 28 ലാബുകളിലും ആവശ്യമായ കിറ്റുകളെത്തിച്ചുകൊണ്ട് Monkey Pox പരിശോധന നടത്തുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

രോഗികളെയും സമ്പർക്കത്തിലുള്ളവരെയും ആശുപത്രികളിലേക്ക് മാറ്റുവാനായി പ്രത്യേക ആംബുലൻസ് സംവിധാനം ജില്ലകളിൽ ഒരുക്കിയിട്ടുണ്ട്.

ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്കു പ്രത്യേക പരിശീലനം നൽകി, തുടർപരിശീലനങ്ങൾ നടത്തിവരുന്നു. സംസ്ഥാനത്ത് മാസ് മീഡിയാ വിഭാഗവും ജില്ലാ മാസ് മീഡിയാ വിഭാഗവും ബോധവൽക്കരണ സാമഗ്രികൾ തയ്യാറാക്കുകയും മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുവരികയും ചെയ്യുന്നു. കഴിഞ്ഞ ദിവസം നടന്ന ഒരു പരിശീലന പരിപാടിയിൽ 25,000 ത്തോളം പേർ പങ്കെടുത്തിരുന്നു. ആ രീതിയിലുള്ള പരിശീലനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

മി. സ്പീക്കർ: ഉപചോദ്യമുന്നയിക്കുന്നതിന് സമയമുണ്ടാകുമോ?

ശ്രീമതി വീണാ ജോർജ്: സർ, വിശദമായ മറുപടിയുള്ളതിനാൽ

ആയത് മേശപ്പുറത്തുവയ്ക്കുന്നു+.

ശ്രീ. എ. പി. അനിൽകുമാർ: സർ, ലോകമെമ്പാടും മങ്കി പോക്സ് രോഗം കൂടുതൽ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് മാസത്തോടെ ലോകത്ത് രോഗികളുടെ എണ്ണം ഒരു ലക്ഷത്തിൽ കവിയുമെന്നാണ് ആരോഗ്യ വിദഗ്ദ്ധർ പറയുന്നത്. സ്വാഭാവികമായും മലയാളികൾ ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ളതുകൊണ്ടുതന്നെ ഏത് രോഗം പിടിപെട്ടാലും ആദ്യം കേരളത്തിൽ റിപ്പോർട്ടു ചെയ്യുന്നൊരു സാഹചര്യമുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ മരുന്ന്, പ്രതിരോധം എന്നീ രണ്ട് കാര്യങ്ങളിലാണ് ശ്രദ്ധിക്കേണ്ടത്. പ്രതിരോധത്തിൽ പ്രധാനപ്പെട്ടത് ഐസൊലേഷനാണ്. ഐസൊലേഷനാവശ്യമായ സംവിധാനങ്ങൾ എല്ലാ നിയോജകമണ്ഡലങ്ങളിലും നേരത്തെ പ്രഖ്യാപിച്ച രീതിയിലുള്ള ഐസൊലേഷൻ സെന്ററുകൾ അതായത് ഓരോ നിയയോജകമണ്ഡലങ്ങളിലും ഓരോന്നുവീതം അടിയന്തരമായി തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ; അതോടൊപ്പംതന്നെ മങ്കി പോക്സിന് വാക്സിനേഷനുണ്ടെന്ന് പറയുന്നുണ്ട്, വാക്സിനേഷൻ എത്രമാത്രം ഫലപ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ചോദ്യോത്തരവേള അവസാനിച്ചു)